# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 28** **August 2014** **No.5**


# എഡിറ്റോറിയൽ

ക്രിസ്തുവിലായി തീരുക എന്നതു വളരെ പവിത്രവും മാന്യവുമായ ഒന്നാണ്. എന്നാൽ അതിന്റെ ദൈവികോദ്ദേശത്തെ അവഗണിക്കുന്ന പലരെയും നമുക്കു കാണാം. മനുഷ്യരെ ദൈവത്തിലേക്കു സംയോജിപ്പിക്കുന്ന സത്യമാർഗ്ഗമാണ് ക്രിസ്ത്യാനിത്വം. അല്ലാതെ അതൊരു പ്രത്യേക മതവിഭാഗ സംഘടനയല്ല. ഭൗതികമായി പല തെറ്റിദ്ധാരണകളും ക്രിസ്ത്യാനിത്വത്തിനെതിരായി ഉയർന്നിട്ടുണ്ട്. അതിനു ക്രിസ്തീയ മത സംഘടനകളും അവയുടെ നേതാക്കന്മാരും ഉത്തരവാദികളാണ്. സമൂഹത്തിൽ അറിയപ്പെടുന്ന, പ്രചാരത്തിലുള്ള ഭൂരിഭാഗം പേരെയും ആണ് ആളുകൾ ശ്രദ്ധിക്കാറുള്ളത്. ഭൗതികവും ആത്മീകവുമായ കാര്യങ്ങളെ സമ്മിശ്രമാക്കി മുൻപോട്ടുപോകുന്ന മതവിഭാഗങ്ങളിൽ അംഗങ്ങളായിരിക്കുന്നവർ ഒരൊഴുക്കിൽപ്പെട്ടു നീന്തിക്കൊണ്ടിരിക്കുകയാണ്. മനുഷ്യജീവിതത്തിൽ ദൈവത്തിന്റെ പദ്ധതി എന്തെന്നു തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാനുള്ള വിവേകമാണ് എല്ലാവർക്കും വേണ്ടത്. ദൈവം മനുഷ്യനായി ഭൂമിയിൽ വന്നതു പാപത്തിൽ അകപ്പെട്ട പാപികളെ ദൈവത്തോടു നിരപ്പിക്കുന്നതിനായിരുന്നുവല്ലോ. അതിനുവേണ്ടി സ്വയം ത്യജിച്ചു മനുഷ്യ നന്മക്കായി മരണത്തോളം നിലകൊണ്ടു. ആ സത്യം നാം ഒരിക്കലും മറക്കരുത്.

പാരമ്പര്യത്തിൽ വിശ്വസിക്കുന്ന ആളുകൾ ധരിച്ചുവെച്ചിരിക്കുന്നതു പാരമ്പര്യ ക്രിസ്തീയ ഭവനത്തിൽ ഭൗതികമായി ജനിക്കുന്നവരെല്ലാം ക്രിസ്ത്യാനികൾ ആണെന്നാണ്. അംഗത്തിനു പള്ളിക്കാർ വെച്ചിരിക്കുന്ന ചടങ്ങുകൾ ചെയ്യണമെന്നു മാത്രമാണ് അതിനുള്ള അവരുടെ ഉപാധി.

ഇതുതെറ്റായ ആചാരങ്ങളാണ്. ദൈവേഷ്ടം ഇതിനു വിരുദ്ധമാണ്. ആത്മീക ജനനം കൂടാതെ ദൈവരാജ്യത്തിൽ ആർക്കും പ്രവേശനമില്ല. ബാഹ്യമായ ചില കാര്യങ്ങൾ ദൈവം ചെയ്യുവാൻ കല്പിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. അതു ആന്തരിക വ്യക്തിത്വത്തിനു മാറ്റം ഉണ്ടാകാതെ ചെയ്യുന്നതുകൊണ്ടു ഫലമില്ലാ എന്നു പിൽക്കാലത്തു അവർ തന്നെ തെളിയിക്കും. പ്രലോഭനങ്ങൾ നിമിത്തം ആരും ക്രിസ്ത്യാനികൾ ആകരുത്, സമ്മർദ്ദം നിമിത്തം ആകരുത്. സ്വമനസാലെ ആത്മാവിന്റെ രക്ഷക്കും നിത്യജീവനും വേണ്ടിയായിരിക്കണം. തെറ്റായ ഉദ്ദേശങ്ങൾ മനസിൽ സംഗ്രഹിച്ചുകൊണ്ടു പുറമെ വചനം അനുസരിക്കുന്നവരുമുണ്ട്. ഇതു ദൈവത്തെ കബളിപ്പിക്കുന്നതിനു തുല്യമാണ്. കാരണം ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ് ദൈവം. മനുഷ്യരെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയായിരിക്കരുത് ആരെങ്കിലും ക്രിസ്ത്യാനിയാവുന്നത്. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടി ആയിരിക്കണം.

തെറ്റായ മാനദണ്ഡങ്ങൾ ഏതെല്ലാമെന്നു അറിഞ്ഞിരുന്നാൽ അതെല്ലാം ഒഴിവാക്കാം. വിവാഹത്തിനു വേണ്ടി സ്നാനം കഴിപ്പിക്കുന്ന ഏർപ്പാടു സ്വീകരിക്കുന്നവർ ഉണ്ട്. അതും വചന വിരുദ്ധമാണ്. സാമ്പത്തിക ബാധ്യത മാറുന്നതിനോ അല്ലെങ്കിൽ രോഗം മാറുന്നതിനോ വേണ്ടി ക്രിസ്ത്യാനിയാകുന്നതിൽ അർത്ഥമില്ല. കാരണം ഒരാൾ ക്രിസ്തുവിനെ അനുസരിക്കേണ്ടത് ആത്മാവിന്റെ രക്ഷക്ക് വേണ്ടിയാകണം. അതാണ് ദൈവേഷ്ടം. ദൈവത്തിന്റെ വചനമായ സത്യം അനുസരിക്കുമ്പോൾ അതിന്റെ യഥാർത്ഥമായ ഫലം ലഭിക്കുവാൻ അത് അനിവാര്യമാണ്.

✶

## തിരുത്ത്

2014 മെയ് ലക്കത്തിലെ ഏഴാമത്തെ പേജിൽ രണ്ടാം ഖണ്ഡികയിലെ എട്ടാമത്തെ വരിയിൽ **അനുസരിച്ച്** എന്നതിനു പകരം ലംഘിച്ച് എന്ന് അച്ചടിച്ചു, പതിമൂന്നാം പേജിൽ മൂന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിൽ ഏഴാം ദിവസം എന്നതിൽ **ദിവസം** വിട്ടുപോയി. അത് രണ്ടും തിരുത്തി വായിക്കണം എന്നപേക്ഷിക്കുന്നു. തെറ്റു പറ്റിയതിൽ നിർവ്യാജം ഖേദിക്കുന്നു.

എഡിറ്റർ

# വാഗ്ദത്ത രാജ്യം (സഭ) ഒരുനാളും നശിക്കയില്ല

## J.C.ചോട്ട്

ഒരുനാളും നശിച്ചുപോകാത്തതും എന്നേക്കും നിലനില്ക്കുന്നതുമായ ഒരു രാജ്യം കർത്താവു സ്ഥാപിക്കും എന്നു ദാനിയേൽ പ്രവചിക്കുകയുണ്ടായി (ദാനിയേൽ 2:44). അതെപ്പോൾ, എവിടെ സ്ഥാപിതമാകും എന്നറിയിച്ചിരുന്നു. വേറെയും അനേക പ്രവചനങ്ങൾ ഉണ്ട് (യെശയ്യാവ് 2:23;യോവേൽ 2:28,29).

യോഹന്നാൻ സ്നാപകൻ വന്നു ദൈവരാജ്യം അടുത്തിരിക്കുന്നു എന്നു പ്രസംഗിച്ചു (മത്തായി 3:1-2). ക്രിസ്തു ദൈവരാജ്യത്തെ കുറിച്ചു പ്രസംഗിച്ചു. രാജ്യം ശക്തിയോടുകൂടെ വരുന്നതു അന്നു ജീവനോടെ ഇരിക്കുന്നവർ കാണും എന്നു ക്രിസ്തു പറഞ്ഞു (മർക്കൊസ് 9:1). ദൈവരാജ്യം വരേണ്ടതിനു പ്രാർത്ഥിപ്പാനായി ശിഷ്യന്മാരോടു യേശു പറയുകയുണ്ടായി (മത്തായി 6:10).

ക്രിസ്തു ദൈവ പുത്രനാണെന്നു അപ്പൊസ്തലന്മാർ ഏറ്റു പറഞ്ഞപ്പോൾ, ആ സത്യമായ പാറമേൽ തന്റെ സഭയാകുന്ന രാജ്യം പണിയും എന്നു കർത്താവു അരുളിച്ചെയ്തു. ആ രാജ്യം മറ്റൊരു ശക്തിക്കും ഏൽപിച്ചു കൊടുക്കുകയില്ല എന്നും പറഞ്ഞു (മത്തായി 16:18-19). പിന്നീട് എബ്രായ ലേഖകൻ, ആ രാജ്യം പ്രാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (എബ്രായർ 12:28). കൊലൊസ്യർക്കു പൌലൊസ് ലേഖനമെഴുതുമ്പോൾ, തന്നെയും കൂടെ ഉൾപ്പെടുത്തി പറയുന്നതു: പിതാവു നമ്മെ ഇരുട്ടിൽ നിന്നു വിടുവിച്ചു തന്റെ പുത്രന്റെ രാജ്യത്തിലാക്കി തീർത്തിരിക്കുന്നു എന്നത്രെ (കൊലൊസ്യർ (1:13-14).

തന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കു ശേഷം യേശു അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷനായി പറഞ്ഞതു: ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേൽക്കുകയും, മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. അതിനു നിങ്ങൾ സാക്ഷികൾ ആകുന്നു. എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു (ലൂക്കൊസ് 24:46-49).

പിതാവിന്റെ അടുക്കൽ പോകുന്നതിനു തൊട്ടുമുൻപ് അവൻ

അപ്പൊസ്തലന്മാരോടു പറഞ്ഞു: എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിലും എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും (പ്രവൃത്തി 1:8).

അപ്പോസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിലേക്കു നോക്കുമ്പോൾ പ്രവചനങ്ങളിൽ വാഗ്ദാനം ചെയ്ത രാജ്യം അഥവാ സഭ സ്ഥാപിച്ചതിന്റെ നിവർത്തീകരണം നടന്നതായി കാണാം. യേശുവിന്റെ ഉയർപ്പിനു ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നപ്പോഴാണ് അതു സംഭവിച്ചതു. ലോകത്തിലെങ്ങുമുള്ള യഹൂദന്മാർ സമ്മേളിക്കുന്ന അവരുടെ ഒരു പെരുന്നാളായിരുന്നു പെന്തെക്കോസ്ത്. യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തേക്കു സുവിശേഷം എത്തിക്കുന്നതിനാണ് കർത്താവ് ഈ ദിവസം തിരഞ്ഞെടുത്തത്. ആ ഉദ്ദേശം നടക്കുകയും ചെയ്തു.

യെരുശലേമിൽ ആ പെന്തെകൊസ്തു നാളിൽ ധാരാളം പുരുഷൻമാർ ഒരുമിച്ചു കൂടിയിരുന്നു. പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ പകർന്നതിന്റെ ഫലമായി ആത്മാവു അവർക്ക് ഉച്ചരിപ്പാൻ നൽകിയതു പോലെ അവർ അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങി. ആ പുരുഷാരത്തോടു അവർ ക്രിസ്തുവിനെ പ്രസംഗിച്ചു. അതിന്റെ ഫലമായി ആളുകൾ അതു കേട്ടു വിശ്വസിച്ചു. അവർ എന്തുചെയ്യണമെന്നു അവരോടു ചോദിക്കുകയുമുണ്ടായി. അവർ അവരോടു ഓരോരുത്തരോടും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവ്യത്തി 2:38). അവരുടെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനം ഏറ്റു. അന്നു 3000 പേർ സഭയോടു ചേർക്കപ്പെട്ടു (പ്രവൃത്തി 2:41). രക്ഷിക്കപ്പെടുന്നവരെ കർത്താവു ദിനമ്പ്രതി സഭയോടു ചേർക്കുകയും ചെയ്തു. (പ്രവൃത്തി 2:47).

ആകയാൽ പെന്തെകൊസ്തു നാളിൽ യെരുശലേമിൽ സഭ സ്ഥാപിക്കുകയുണ്ടായി (അന്നു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നു). യേശുവിന്റെ ഉയിർപ്പിനുശേഷം എ.ഡി.33-ൽ ആയിരുന്നു സ്ഥാപനം.

അന്നുമുതൽ നിലനിൽക്കുന്ന ഒന്നാണ് രാജ്യം അഥവാ സഭ. യേശുവിന്റെ ജനനത്തെ കുറിച്ച് പറയുമ്പോൾ സൂചിപ്പിച്ചതു നമുക്കു വായിക്കാം. 'അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല(ലൂക്കൊസ് 1:33). അപ്പൊസ്തല പ്രവൃത്തികളിലും തുടർന്നുള്ള ലേഖനങ്ങളിലും ഇതിനെ കുറിച്ചു പ്രതിപാദിച്ചിരിക്കുന്നതു പരിശോധിച്ച് സത്യം മനസിലാക്കുക. അജ്ഞത

ഇല്ലാതാക്കുവാൻ നാം സത്യം അറിഞ്ഞിരിക്കണം.

അനേകം ക്രിസ്ത്യാനികൾക്കും ഇടവകകൾക്കും വീഴ്ച അഥവാ വിശ്വാസത്യാഗം സംഭവിക്കും എന്നു അപ്പൊസ്തലനായ പൌലൊസ് എഴുതി അറിയിച്ചിട്ടുണ്ട്. ആത്മാവ് എഴുതുവാനായി അവനെ നയിക്കുകയായിരുന്നു. എന്നാൽ ഭാവി കാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്തം മനസാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കണം എന്നു കൽപിക്കുകയും ചെയ്യും (1 തിമൊഥെയൊസ് 4:1-4). 2 തെസലൊനിക്യർ രണ്ടാം അദ്ധ്യായം ഒന്നു മുതൽ നാലുവരെയുള്ള വാക്യങ്ങളിൽ പൌലൊസ് ഇങ്ങനെയുള്ള വീഴ്ചയെക്കുറിച്ചു പറയുന്നുണ്ട്.

അനധികൃതവും വചന വിരുദ്ധവുമായ രീതിയിലുള്ള സഭ സംഘടിപ്പിക്കൽ നിമിത്തമാണ് ഇങ്ങനെയുള്ള വീഴ്ച്ചയും അകൽച്ചയും സംഭവിക്കുന്നത്. ഓരോ ഇടവകയിലും യോഗ്യതയുള്ള മൂപ്പന്മാരും ശുശ്രൂഷകന്മാരും വേണമെന്നും ഓരോ ഇടവകയും സ്വയം ഭരണത്തിലായിരിക്കണമെന്നതുമാണ് ദൈവത്തിന്റെ പദ്ധതി (1 തിമൊഥെയൊസ് 3; തീത്തൊസ് 1). അങ്ങനെയായാൽ ഏതെങ്കിലും ഒരു ഇടവക വീണു തെറ്റിപോയാലും മറ്റുള്ളവ സത്യത്തിൽ നിലനിൽക്കും.

സഭ സ്ഥാപിച്ചശേഷം, അതു വളർന്നു ലോകം മുഴുവൻ വ്യാപിച്ചു. എന്നാൽ കുറെ കഴിഞ്ഞപ്പോൾ മൂപ്പന്മാരിൽ ചിലർ അധികാരത്തിനുവേണ്ടി മുഖ്യ മൂപ്പന്മാരായി അറിയാൻ തുടങ്ങി. ക്രമേണ അനേകം ഇടവകകളെ ഭരിക്കുന്നതു ഒരു അദ്ധ്യക്ഷൻ ഏറ്റെടുത്തു. അങ്ങനെയാണ് ആറാം നൂറ്റാണ്ടോടു കൂടെ കത്തോലിക്കാ സഭ നിലവിൽ വന്നതു. പിന്നീട് റോമാ എന്നും ഗ്രീക്ക് എന്നും രണ്ടായി അതു പിളർന്നു.

1500-ൽ ആണ് മാർട്ടിൽ ലൂഥർ നവോത്ഥാന പ്രസ്ഥാനം ആരംഭിച്ചതു. കത്തോലിക്കാ സഭയെ നവീകരിക്കാൻ ശ്രമിക്കുകയും ചെയ്തു. അതു വിജയിച്ചില്ല. തൽഫലമായി എതിർ ഗ്രൂപ്പുകൾ ഉടലെടുത്ത്, പിരിഞ്ഞു പിരിഞ്ഞാണ് ഇന്നു ലോകത്തിൽ കാണുന്ന നാമധേയ വിഭാഗങ്ങൾ എല്ലാം ഉണ്ടായത്.

1700 നും 1800 നും ഇടക്കാണ് യൂറോപ്പിലേയും അമേരിക്കയിലേയും ധാരാളം നാമധേയ വിഭാഗക്കാർ ഒത്തു ചേർന്നു അവർ പ്രൊട്ടസ്റ്റന്റ് എന്നോ കത്തോലിക്കർ എന്നോ അറിയപ്പെടാൻ താല്പര്യപ്പെടാതെ ബൈബിളിലേക്ക് മടങ്ങി പോകാൻ ആഗ്രഹിക്കുകയും ക്രിസ്ത്യാനികൾ

എന്നു മാത്രം അറിയപ്പെടാൻ ശ്രമിക്കുകയും ചെയ്തു. അങ്ങനെയാണ് അമേരിക്കയിലും യൂറോപ്പിലും സഭയുടെ പുനരേകീകരണം ആരംഭിച്ചത്. ക്രിസ്തുവിന്റെ സഭയുടെ നിലനില്പ് അങ്ങനെ തുടർന്നു വരുന്നു.

അന്നു വരെയും സഭ ഒരു സ്ഥലത്തല്ലെങ്കിൽ മറ്റൊരു സ്ഥലത്തുണ്ടായിരുന്നു എന്നോർക്കുക. ബൈബിളിൽ വായിക്കുന്ന ഏക സഭയിലേക്കു തിരിച്ചു വരുന്നവർ, വിശ്വാസത്തിലും, ആരാധനയിലും പരിശീലനത്തിലും വേദപുസ്തക മാതൃക പിൻപറ്റാൻ തീരുമാനിച്ചു. ഭാവിയിലും ക്രിസ്ത്യാനിത്വത്തെ അതിന്റെ സത്യത്തിലും ലാളിത്യത്തിലും സൂക്ഷിക്കുവാൻ അവർ തയ്യാറായി. എണ്ണത്തിൽ കുറവായാലും സത്യസഭ പ്രവചിച്ചതു പോലെ ആർക്കും ഒരിക്കലും നശിപ്പിക്കുവാൻ സാദ്ധ്യമല്ല. കർത്താവിന്റെ വീണ്ടും വരവുവരെ വിശ്വസ്തരായ ക്രിസ്ത്യാനികൾ അവന്റെ സഭയിലുണ്ടാകും (1 തെസലൊനിക്യർ 4; 17). ന്യായവിധിക്കു ശേഷം രാജ്യം കർത്താവ് പിതാവിനെ ഏൽപിക്കും (1 കൊരിന്ത്യർ 15:24).

## സംഭാവന അല്ലെങ്കിൽ അർപ്പണം

**ഡോൺ വില്ല്യംസ്**

ഒരു ദിവസത്തെ അദ്ധ്വാനത്തിനുശേഷം കണ്ടു മുട്ടിയ പന്നിയുടെയും കോഴിയുടെയും ഒരു കഥ പറഞ്ഞു കേട്ടിട്ടുണ്ട്. ഞാൻ താമസിക്കുന്ന വീട്ടിൽ എനിക്കു വലിയ ഭാരമുള്ള ജോലിയൊന്നുമില്ല. പക്ഷെ ആ വീട്ടുകാർ ഒരു ദിവസം 10 മുട്ടയെങ്കിലും ഉപയോഗിക്കുന്നുണ്ട് എന്നു കോഴി പറഞ്ഞു. ഞാൻ ക്ഷീണിച്ചുമടുത്തു എന്നു പന്നിയും മറുപടി പറഞ്ഞു. നീ നിന്റെ സംഭാവന എല്ലാം അവർക്കു കൊടുക്കുന്നു എന്നാൽ ഞാൻ താമസിക്കുന്ന വീട്ടുകാർ എന്നെത്തന്നെ മേശയിലേക്കു എടുത്തുവെക്കുന്ന സമയം നോക്കിയിരിക്കയാണ് ഞാൻ എന്നുകൂടെ പന്നി പ്രസ്താവിച്ചു.

ഈ കഥ, ഓർമ്മിച്ച് സഭയിൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരത്തിനായി മുൻപിൽ എത്തുന്ന പ്ലെയിറ്റോ സഞ്ചിയോ കാണുമ്പോൾ നമ്മുടെ സമീപനം എന്തായിരിക്കും. നമ്മുടെ സംഭാവന എപ്രകാരമായിരിക്കും ? കർത്താവു നമുക്കു നല്കിയതുമായി താരതമ്യം ചെയ്താണോ നാം കർത്താവിനു കൊടുക്കുന്നതു. വാസ്തവത്തിൽ നാം ഒരു അർപ്പണ ബോധത്തോടെയാണോ ഇതു ചെയ്യുന്നത്?

നമുക്കുവേണ്ടി കർത്താവിനു കൊടുക്കേണ്ടിവന്ന സംഭാവനയെ നിങ്ങൾ വാസ്തവത്തിൽ കണക്കിലെടുത്തിട്ടുണ്ടോ? ഓരോരുത്തൻ

വ്യക്തിപരമായി ചെയ്യേണ്ട കർത്തവ്യമാണ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലെ സംഭാവന. അവനവന്റെ കഴിവനുസരിച്ചാണ് ഇതു ചെയ്യേണ്ടത്. വിശുദ്ധൻമാർക്കുവേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യ സഭയോടു ആജ്ഞാപിച്ചതു പോലെ നിങ്ങളും ചെയ്വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചു കൊള്ളേണം. നമുക്കുവേണ്ടി മരിച്ച യേശുവിന്റെ മരണത്തിന്റ വില നമുക്കു കാണാൻ പറ്റുമോ? അവൻ കാൽവരി മലയിൽ ചെയ്ത പ്രവർത്തിക്കു എന്തു പകരം കൊടുപ്പാൻ നമുക്കു കഴിയും? ഈ ലോകത്തുള്ള പണമോ വസ്തുവകകളോ ഒന്നും അതിനു പ്രത്യുപകാരമായി തീരുകയില്ല. ഏറ്റവും ശ്രേഷ്ഠമായ ദാനം തന്ന ദൈവത്തിന് നാം തിരിച്ച് ഏറ്റവും നല്ല സംഭാവന കൊടുക്കണ്ടേ? തീർച്ചയായും വേണം.

ഒരാൾ തന്റെ ജീവിതം ക്രിസ്തുവിൽ ഏല്പിക്കാൻ തീരുമാനിച്ചാൽ അവൻ ദൈവത്തിനു ഒരു പൂർണ്ണ സമർപ്പണം ആയി തീരണം. നമ്മുടെ സ്വാർത്ഥതയെ നാം പാടെ ത്യജിക്കണം എന്നിട്ടു വേണം യേശുവിനെ പിൻപറ്റുവാൻ. ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ എന്നാണു കർത്താവു പറഞ്ഞത് (മത്തായി 16:24). പേരിനു വേണ്ടി യേശുവിനെ പിൻ പറ്റുകയല്ല വേണ്ടതു. പൂർണ്ണമായ ഒരു സമർപ്പണമായിരിക്കണം എടുക്കേണ്ടത്. കലപ്പക്കു കൈ വെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവ രാജ്യത്തിനു കൊള്ളാവുന്നവനല്ല (ലൂക്കൊസ് 9:62).

ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോഴാണ് ഒരാൾ തന്നെത്താൻ ത്യജിച്ച് ദൈവത്തിനായി സമർപ്പിക്കുന്നത്. അന്നു മുതൽ നമ്മുടെ ജീവിതവും പണവും വസ്തുവും സമയവും എല്ലാം ദൈവത്തിനുള്ളതായി മാറുന്നു. മുൻപും ദൈവത്തിന്റേതായിരുന്നു. പക്ഷേ ഇപ്പോൾ അതിന്റെ ഉപയോഗം ദൈവഹിതത്തിനായി നാം പ്രതിഷ്ഠിക്കുന്നു. അങ്ങനെ സമർപ്പണം ചെയ്തവർ ചില കാര്യങ്ങളിൽ അവർ അവരുടെ സ്വന്തം എന്ന നിലക്ക് ഉപയോഗിക്കുമ്പോൾ അതു എത്ര ദു:ഖകരമാണെന്നു ഓർത്തു നോക്കുക. ഇനി ധർമ്മ ശേഖരത്തിന്റെ കാര്യത്തിൽ ചിലർ കാണിക്കുന്ന ഉദാസീനത എങ്ങനെ അവരെ അതു പിന്നീട് ബാധിക്കും എന്നു ചിന്തിക്കുന്നില്ല.

ഒരാൾ സ്നാനപ്പെടാൻ പോയപ്പോൾ സംഭവിച്ച കാര്യം ഓർമ്മയിൽ വരുന്നു. ഉപദേഷ്ടാവും സ്നാനമേല്ക്കേണ്ട ആളും വെള്ളത്തിൽ ഇറ

ങ്ങിയപ്പോൾ സ്നാനം ഏൽക്കുന്ന ആളുടെ പോക്കറ്റിൽ കുറെ നോട്ടുകൾ കിടക്കുന്നതു കണ്ട് ഉപദേഷ്ടാവ് അത് ഓർപ്പിച്ചപ്പോൾ പറഞ്ഞത്, അതിനോടുള്ള എന്റെ ആഗ്രഹവും വെള്ളത്തിൽ അടക്കം ചെയ്യട്ടെ എന്നാണ്. നാം ദൈവത്തിനു നൽകുമ്പോൾ നമുക്കുള്ളതെല്ലാം നല്കികൊണ്ടു ദൈവത്തിൽ ആശ്രയിച്ചു നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റി തരുവാൻ ദൈവം ഉണ്ടല്ലോ എന്ന വിശ്വാസത്തോടെ വേണം അർപ്പിക്കുവാൻ. മക്കെദോന്യയിലെ ക്രിസ്ത്യാനികൾ കഷ്ടത എന്ന കഠിന ശോധനയിൽ ആയിരുന്നിട്ടും മഹാ സന്തോഷത്തോടെ പ്രാപ്തിയനുസരിച്ചും അതിനു മീതെയും കൊടുത്തു. ഇതായിരിക്കണം നമ്മുടെയും മനോഭാവം (2 കൊരിന്ത്യർ 8:5).

# മാനസാന്തരം വിശ്വാസത്തിനു മുൻപോ

**മൈക്ക് ബെൻസൺ**

വിശ്വാസത്തിനു മുൻപാണോ മാനസാന്തരം ഉണ്ടാകേണ്ടത്?

1 ബൈബിൾ പറയുന്നത്, ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നു എന്നാണ്. ദൈവദൂതന്മാർക്കിടയിലും സന്തോഷമുണ്ടാകുന്നു (ലൂക്കൊസ് 15:16). അതുപോലെ മറ്റൊന്നു കൂടെയുണ്ട്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഉത്സാഹത്തോടെ ദൈവത്തോടു അടുക്കുന്നവർക്കു ദൈവം പ്രതിഫലം കൊടുക്കുമെന്ന് ഒരാൾ വിശ്വസിക്കണം. വിശ്വാസം എന്നതോ ദൈവത്തിലുള്ള ആശ്രയമാണ്. ദൈവത്തെ അന്വേഷിച്ചു കണ്ടെത്തേണ്ട ചുമതല എല്ലാവരിലും ഉണ്ട്.

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ അങ്ങനെയുള്ള മാനസാന്തരം ദൈവത്തിനു പ്രസാദകരമാകയില്ലല്ലോ. പ്രസാദകരമായ അവസ്ഥയിലേ ആർക്കായാലും സന്തോഷിക്കാൻ പറ്റു.

2. നിനവേ പട്ടണക്കാർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു. ന്യായവിധി നാളിൽ നിനെവേക്കാർ എഴുന്നേറ്റു അവരെ ന്യായം വിധിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നുവല്ലോ. കാരണം അവർ മാനസാന്തരപ്പെട്ടിരുന്നു (മത്തായി 12:41). നിനെവെയിലെ ആളുകൾ അവരുടെ തെറ്റു തിരുത്തിയതുകൊണ്ടാണ് ദൈവം അവരെ നശിപ്പിക്കാതിരുന്നത്. ദൈവ കല്പനയായ മാനസാന്തരം ഏതൊരാൾക്കും ആവശ്യമാണ്. പക്ഷെ അതു വാസ്തവത്തിലുള്ള ഒന്നായിരിക്കണം; ദൈവം ആഗ്രഹിക്കുന്നതുപോലെയുമായിരിക്കണം എന്നു മാത്രം

3. ദൈവത്തിലുള്ള വിശ്വാസത്തെ സംബന്ധിച്ച് പിശാചുക്കളും

വിശ്വസിക്കുകയും വിറക്കുകയും ചെയ്യുന്നുണ്ട് (യാക്കൊബ് 2:19). അങ്ങനെയുള്ള വിശ്വാസമല്ല നമുക്ക് ആവശ്യം. ദൈവസന്നിധിയിൽ സ്വീകാര്യമായ വിശ്വാസം അവനിലും അവന്റെ അരുളപ്പാടിലും ഉള്ള പൂർണ്ണമായ ആശ്രയമാണ്.

വിശ്വാസത്തിനു മുൻപ് മാനസാന്തരം വരുന്നുവെങ്കിൽ പിശാചുക്കളിലും അതുണ്ടാകണം. ബൈബിളിൽ പറഞ്ഞിരിക്കുന്ന ക്രമം എന്തെന്നാൽ ആദ്യം വചനം കേൾക്കുക, കേട്ടിട്ട് വിശ്വസിക്കുക; വിശ്വസിച്ചു മാനസാന്തരപ്പെടുക എന്നതാണ്. പത്രൊസിന്റെ പ്രസംഗം കേട്ടു വിശ്വസിച്ച ആളുകളാണ് അവർ എന്തുചെയ്യണം എന്നു ചോദിച്ചത്. അവരോടു പത്രൊസ് പറഞ്ഞത് നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏൽക്കുവിൻ എന്നായിരുന്നു (പ്രവൃത്തി 2:38). പത്രൊസിന്റെ പ്രസംഗം കേട്ടവരുടെ ഹൃദയത്തിൽ കുത്തുകൊണ്ടിരുന്നു. അതു അവർ വിശ്വസിച്ചതിന്റ സൂചനയായിരുന്നു.

അവർ മാനസാന്തരപ്പെടുകയും സ്നാനം ഏല്ക്കുകയും ചെയ്തു. അവരുടെ മനസിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അന്തരം. ദൈവകല്പനകൾക്ക് അവരുടെ പ്രവൃത്തികളെ തിരിച്ചു വിടുകയുണ്ടായി.

അല്ലല്ല, മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും നശിച്ചു പോകും (ലൂക്കൊസ് 13:3). മാനസാന്തരം എന്ന ആശയം എല്ലാവർക്കും ഇഷ്ടമാണ്. പ്രായോഗികമാക്കി തീർക്കുവാനാണ് പ്രയാസം. ഈ കല്പനയുടെ പ്രാധാന്യം കണക്കിലെടുത്താൽ മാത്രമേ അതു പ്രാവർത്തികമാക്കയുള്ളു. നമ്മുടെ ദൈനന്തിന ജീവിതത്തിൽ മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കണം. മനസിനെ നേരായി സൂക്ഷിക്കുവാൻ കഴിഞ്ഞാൽ പ്രവർത്തികൾ ശരിയായി വരും. പലരുടെയും ജീവിതം വഴി പിഴച്ചുപോകുന്നതു അവരുടെ ചിന്ത മോശമായതുകൊണ്ടാണ്. പുതുക്കമുള്ള മനസു രൂപാന്തരത്തിനു ആവശ്യമാണ്. മനസും ഹൃദയവും ശുദ്ധമായാൽ ജീവിതം ശുദ്ധമാകും. വെറും ദു:ഖമല്ല മാനസാന്തരം. നാം വരുത്തുന്ന അന്തരം യാഥാർത്ഥ്യമായിരിക്കണം. അതു ദൈവം ആഗ്രഹിക്കുന്നതുപോലെ ആകണം.

നിങ്ങൾ വിശ്വസിച്ച് മാനസാന്തരപ്പെട്ടിട്ടില്ലെങ്കിൽ ഇന്നു തന്നെ അതിനു തയ്യാറാകണം. കാരണം ദൈവത്തെ പ്രസാദിപ്പിക്കുവാൻ ദൈവത്തിന്റെ അരുളപ്പാടുകൾ നാം കൈക്കൊള്ളണം. അല്ലാതെ നിർവ്വാഹമില്ല. പരമാധികാരി സൃഷ്ടികർത്താവായ ദൈവമാണ്.

# തികവുള്ള മാതൃക

**K.V. മകാൽപിൻ**

ക്രിസ്തു ഭൂമിയിൽ വന്നതു ഒരുദ്ദേശത്തിനു വേണ്ടിയായിരുന്നു. അതു പ്രവചന നിവർത്തീകരണത്തിനും നമ്മെ പാപത്തിൽ നിന്നു വീണ്ടെടുക്കേണ്ടതിനും വേണ്ടി ആയിരുന്നു (മത്തായി 1:21; 1 തിമൊഥെയോസ് 1: 15). നാം അവന്റെ കാലടികളെ പിൻപറ്റേണ്ടതിനു ക്രിസ്തു ഇവിടെയായിരുന്നപ്പോൾ ഒരു മാതൃക വിട്ടിട്ടാണ് പോയതു (1 പത്രൊസ് 2 :21). വിട്ടുപോകുക എന്ന വാക്ക് അക്ഷരാർത്ഥത്തിൽ തന്നെ "പുറകിൽ വിടുക" എന്നതാണ് സൂചിപ്പിച്ചിരിക്കുന്നത് (സങ്കീർത്തനം 85:13; മത്തായി 10:38; 16:24;യോഹന്നാൻ 13:15;1 യോഹന്നാൻ 2:6). മനുഷ്യനു ദൈവം ആവശ്യമാണ്. യിരെമ്മ്യാ പ്രവാചകൻ ഇതിനെ ഊന്നി പറഞ്ഞിട്ടുണ്ട്. മനുഷ്യനു തന്റെ കാലടികളെ നേരെയാക്കുന്നതിനു സാദ്ധ്യമല്ല എന്നതാണ് കാരണം (യിരെമ്മ്യാവ് 10:23). ക്രിസ്തുവിന്റെ കാലടികളെ പിൻപറ്റുക എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടെയും ലക്ഷ്യം. ഒരു തികഞ്ഞ നടപ്പിന്റെ മാതൃക ക്രിസ്തുവിൽ ദർശിക്കാം. ആ മാതൃകയെ പറ്റി പറയുന്ന വേദഭാഗം വായിച്ചാൽ അങ്ങനെ ജീവിക്കുന്നതിന്റെ ആവശ്യകത നമുക്കു ബോധ്യമാകും (1 പത്രൊസ് 2:21-25).

## ക്രിസ്തുവിന്റെ ജീവിത മാതൃക

അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തതു (1 പത്രൊസ് 2:21-23). ഈ വേദഭാഗങ്ങളിൽ "നിങ്ങളെ" എന്നു പറഞ്ഞിരിക്കുന്നതു 18-ാം വാക്യത്തിലെ വേലക്കാരെ ഉദ്ദേശിച്ചാണ്. ഒന്നാം നൂറ്റാണ്ടിൽ വേലക്കാർ അനുഭവിച്ച കഷ്ടം വളരെ സങ്കീർണ്ണമായിരുന്നു. മറ്റുള്ളവരാൽ നിരപരാധികൾ കഷ്ടം അനുഭവിക്കേണ്ടിവന്ന സാഹചര്യം. അവർക്ക് ആശ്വാസം ലഭിക്കുവാൻ മറ്റൊരാൾ ഇതേപോലെ കഷ്ടം സഹിച്ചതു ഓർക്കുമ്പോൾ അതു നമ്മുടെ നന്മ

ക്കായിരുന്നു എന്നതും ആശ്വാസപ്രദമാണ്. (2 തിമൊഥെയോസ് 3:12; 1 പത്രൊസ് 3: 18; മത്തായി 5:10).

മാതൃക എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം പകർത്തി എഴുതൽ എന്നു വിശദീകരിച്ചിട്ടുണ്ട്. സ്ക്കൂൾ വിദ്യാർത്ഥികൾക്കു സ്ക്കൂളിൽ ഇത്തരം പരിശീലനം നല്കാറുണ്ട്. പടം വരക്കുന്നതും മറ്റും ട്രെയിസിങ്ങ് പേപ്പറിൽ വരയുടെ മുകളിൽ കൂടെ വരച്ചു പഠിക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലൊ. അതേ അർത്ഥമാണ് മാതൃക എന്ന വാക്കിനും ഉള്ളത്.

22-ാം വാക്യത്തിൽ അവൻ പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞിരിക്കുന്നു (2 കൊരിന്ത്യർ 5:21 എബ്രായർ 4: 15;1 യോഹന്നാൻ 3: 5). അതായതു പാപം വന്നിട്ടുള്ള ഒരൊറ്റ സംഭവം പോലും അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ഇനി വഞ്ചന എന്ന വാക്കു നോക്കിയാൽ, ഉപായം, സൂത്രം എന്നിവ അടങ്ങുന്നതാണല്ലൊ. കർത്താവിന്റെ നാവിൽ നിന്നു അത്തരത്തിൽ ഒരൊറ്റ വാക്കുപോലും പുറപ്പെട്ടിരുന്നില്ല. അവന്റെ വാക്കുകൾ അത്രയും മറ്റുള്ളവർക്കു ഗുണപ്രദമായിരുന്നു. അവന്റെ ശത്രുക്കൾ അവനിൽ കുറ്റം കണ്ടെത്തുവാൻ വളരെ ഉത്സാഹപൂർവ്വം അന്വേഷണം നടത്തി (യോഹന്നാൻ 1:47; വെളിപ്പാട് 14:5). ക്രിസ്തുവിനെ ആളുകൾ ശകാരിക്കുക മാത്രമല്ല ചെയ്തതു മുള്ളുകൊണ്ടു മുറിവുണ്ടാക്കി വേദനയാൽ കഷ്ടപ്പെടുത്തി എന്നതു കൂടെ കാണുന്നുണ്ട്. അതി കഠിനമായ ഈ കഷ്ടത അവൻ സഹിക്കയായിരുന്നു (സങ്കീർത്തനം 38:12-14; മത്തായി 5:11; ലൂക്കൊസ് 22:64; മത്തായി 26:62-63; മർക്കൊസ് 15:29-32). ശകാരത്തിനു ശകാരമോ കഷ്ടത്തിനു ഭീഷണിയോ അവൻ ഉയർത്തിയില്ല (എബ്രായർ 12:2-3). തന്റെ ഉദ്ദേശത്തിൽ നിന്നു അവനെ പിന്തിരിപ്പിക്കാൻ ഇവക്കൊന്നിനും കഴിഞ്ഞില്ല. ന്യായമായി വിധിക്കുന്ന ദൈവത്തിൽ സകലതും ഭരമേല്പിക്കയത്രെ ചെയ്തതു (സങ്കീർത്തനങ്ങൾ 37:5;2 തിമൊഥെയോസ് 1:12; ലൂക്കൊസ് 23:46).

## ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാതൃക

നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. (1 പത്രൊസ് 2:24). ക്രിസ്തുവിനു നമ്മോടുള്ള സ്നേഹം നിമിത്തം ആയിരുന്നു അങ്ങനെ ചെയ്തതു. അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുക്കേണ്ടതാകുന്നു (1 യോഹന്നാൻ 3:16). സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം ഉള്ള സ്നേഹം ആർക്കും ഇല്ല (യോഹന്നാൻ 15:13). നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നു.

ജീവനെ കൊടുക്കുന്നതിലധികം സ്നേഹം മറ്റാർക്കുമില്ല. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാഹാത്മ്യം തുല്യപ്പെടുത്താവുന്ന മറ്റാരുമില്ല (മത്തായി 20:28; മർക്കൊസ് 10:45; 1 തിമൊഥെയൊസ് 2:6). ആകയാൽ ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യ വാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ (എഫെസ്യർ 5: 2)

## ക്രിസ്തുവിന്റെ നായകത്വ മാതൃക

നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു ഇപ്പോഴോ നിങ്ങളുടെ ആടുകളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങി വന്നിരിക്കുന്നു (1 പത്രൊസ് 2.25). ഒരു യഥാർത്ഥ ഇടയനെ പോലെ യാണ് ക്രിസ്തു. ആളുകളെ നയിക്കുകയും പോറ്റി പുലർത്തി സംര ക്ഷിക്കുകയും ചെയ്യുന്നു. (സങ്കീർത്തനങ്ങൾ 119:76; മത്തായി 9:36; യോഹ ന്നാൻ 10:1-6; എബ്രായർ 13:20). ക്രിസ്തു നമ്മുടെ ഇടയശ്രേഷ്ഠനായി ട്ടാണ് പത്രൊസ് വിവരിച്ചിരിക്കുന്നത് (1 പത്രൊസ് 5:4). ക്രിസ്തു, ക്രിസ്ത്യാനികളുടെ ക്ഷേമ തല്പരനാണ്. അവരുടെ ആത്മാക്കളെ സംര ക്ഷിക്കുകയും നേർപാതയിൽ സഞ്ചരിക്കാൻ സഹായിക്കുകയും ചെയ്യും (1 തിമൊഥെയൊസ് 2: 5-6)

1 പത്രൊസ് 2:21-25 വരെയുള്ള വേദ ഭാഗങ്ങളിൽ നിന്നും നാം പഠിച്ച കാര്യങ്ങൾ എന്തെല്ലാമാണ്? ക്രിസ്തു നമുക്കു ഒരു മാതൃക വിട്ടിട്ടു പോയിരിക്കുന്നു. അതു നാം പിൻതുടരുവാനാണ്. ക്രിസ്തുവിന്റെ ജീവിതം സ്നേഹം, നായകത്വം എന്നിവയാണവ. ഈ മാതൃക നമ്മുടെ ജീവിതത്തിലും നാം എടുക്കേണ്ടതാണ്. ക്രിസ്തുവിനോടു അനുരൂപ പ്പെട്ടു ജീവിക്കാനാഗ്രഹിക്കുന്നവർ ഈ മാതൃക തങ്ങളുടെ ജീവിത ശൈലിയായി എടുക്കണം. നമ്മുടെ എല്ലാ കാര്യങ്ങൾക്കും പൂർണ്ണാധി കാരി ക്രിസ്തുവാണെന്ന കാര്യം ഒരിക്കലും മറക്കരുത്.

അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലായിരുന്നു, അവൻ ഒരു പാപവും ചെയ്തുമില്ല. നമ്മുടെ ബലഹീനതയിൽ നമ്മോട് സഹതാപം കാണിപ്പാൻ കഴിയുന്നവനാണ്. അതായത് ഉത്തമമാതൃക കാണിച്ച ഏക വ്യക്തി കർത്തായ യേശു ആയിരുന്നു എന്നു ശത്രുക്കൾ പോലും സമ്മ തിക്കും. അതുകൊണ്ട് ആർക്കും അവനെ പിൻപറ്റാം.

## ഉപദേശത്തിൽ തുടർന്നു

യെരുശലേമിലെ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ തുടർന്നു ജീവിച്ചു (പ്രവൃത്തി 2.42). അപ്പൊസ്തലന്മാരിൽ ആരെങ്കിലും ഒരാൾ അവരുടെ ആരാധനക്കിടയിൽ ഉപദേശം നല്കാതെ മാറി നിന്നാൽ അതെത്ര ഞെട്ടലുണ്ടാക്കും എന്നോർക്കുക. ഒരാൾ പറഞ്ഞെന്നിരിക്കട്ടെ ഇങ്ങനെ: ഞങ്ങൾക്കു ഉപദേശമൊന്നും വേണ്ട. കേൾക്കാൻ നല്ല രസമുള്ള നല്ല കഥകളോ മറ്റോ കേൾപ്പിച്ചാൽ മതി എന്ന്. അതിനു അപ്പൊസ്തലന്മാർ എന്തു പറയുമായിരുന്നു. ഇതല്ലാതെ ഞങ്ങൾക്ക് മറ്റൊന്നും പറവാനില്ല എന്നായിരിക്കും. ഉപദേശത്തെ വിട്ടു കളയുന്നതിനു പകരം യെരുശലേമിലെ ക്രിസ്ത്യാനികൾ ഉപദേശത്തെ മുറുകെ പിടിച്ചു. പ്രമാണിമാർ അവരെ പറ്റി പറയുന്നു: ഈ നാമത്തിൽ അശേഷം സംസാരിക്കരുത് എന്നു ഞങ്ങൾ നിങ്ങളോടു അമർച്ചയായി പറഞ്ഞതല്ലയോ? എന്നാൽ നിങ്ങൾ ഉപദേശം കൊണ്ടു യെരുശലേമിനെ നിറെച്ചിരിക്കുന്നു. (പ്രവൃത്തി 5:28).

## ഉപദേശത്തിൽ വസിക്കുക

മതപരമായ ലോകം മുഖ്യമായി ക്സ്തുവിന്റെ ഉപദേശത്തിൽ നിന്നും അകന്നു പോയിരിക്കയാണ്. ഉപദേശം ക്രിസ്തുവിന്റെ സഭകളെയാണ് പുറപ്പെടുവിക്കുന്നത് (റോമർ 16:16). തല തിരിഞ്ഞ ഉപദേശം എന്തെന്നറിയാതെ നാമധേയ വിഭാഗത്തിലെ ആളുകൾ മടങ്ങി വന്നാൽ ഈ വിശ്വാസവും വെളിപ്പാടും ആരാധനയും അവർക്കു ഒരാഴ്ച്ചപോലും സഹിക്കാൻ പറ്റിയെന്നു വരികയില്ല.

★

# പാപം പാപം തന്നെ!

## M.ഫ്ളേയിഡ് ബെയ്‌ലി

പാപത്തെ മനുഷ്യർ പല രീതിയിൽ ന്യായീകരിക്കയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നിസാര പാപമെന്നും സാരമായ പാപമെന്നും പറയാറുണ്ട്. ചെറുതും വലുതുമായി പാപത്തെ തരംതിരിക്കുന്നതു ന്യായികരണത്തിനു വേണ്ടിയാണ്. ഒരു പത്തുവർഷം മുൻപ് പാപമായി കണക്കാക്കിയിരുന്ന ഒരു കാര്യം ഇന്നു സ്വീകാര്യമായ ഒരു പെരുമാറ്റമായി സമൂഹം അംഗീകരിക്കയാണ്. ലജ്ജാകരമായിരുന്ന കാര്യങ്ങൾ ഒരു കൂസലുമില്ലാതെ ചെയ്യത്തക്കവണ്ണം ഈ മാറ്റം എങ്ങനെ സംഭവിച്ചു. ഇവരെ ഇത്തരം കാര്യങ്ങൾക്കു സ്വാധീനിച്ചതെന്താണ്. സമൂഹം എന്തുകൊണ്ട് ഇന്ന് ഇതെല്ലാം അംഗീകരിക്കുന്നു? നാം കുടുംബമായി ജീവിക്കുന്നവ

മക്കളും ഒത്തൊരുമിച്ചു കഴിയുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. ഭൗതികമായി ചില ഘടകങ്ങൾ മനുഷ്യരുടെ സ്വഭാവത്തെയും ജീവിത ശൈലിയെയും ബാധിക്കുന്നതാണ് എന്നു തെളിയുന്നു.

മനുഷ്യരുടെ ഹൃദയത്തിലും മനസാക്ഷിയിലും ഈ മാറ്റം വരുവാൻ കാരണം എന്ത്? നാം തെറ്റുകളെ തരം തിരിക്കാതെ പാപം എന്നു വിളിക്കുകയാണെങ്കിൽ ഓരോന്നിന്റേയും പ്രഭാവത്തിനു മാറ്റം വരികയില്ല. അതു വയറിനെ ഇളക്കിമറിക്കും. പക്ഷെ സമൂഹം ഓരോന്നിന്റെയും പേരിനു മാറ്റം വരുത്തിയിരിക്കുന്നു. മദ്യപാനം ഒരു രോഗമായി ചിത്രീകരിച്ചിരിക്കയാണ്. അതുകൊണ്ട് അതിനെ ചികിത്സിക്കുന്നു. ലജ്ജാശീലത്തെ, ലജ്ജാഭിനയം എന്നാക്കിയിരിക്കയാണ്. ഒരിക്കൽ ലൈംഗിക വൈകൃതം എന്ന പേരിൽ അറിയപ്പെട്ടിരുന്നതു ഇന്നു പറയുന്നതു ഒന്നിടവിട്ട ജീവിതശൈലി എന്നാണ്. അമ്മയുടെ ഉദരത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു ശിശുവിനെ ഒരു മാംസപിണ്ഡം എന്നു വിളിക്കുന്നു. ഇങ്ങനെയുള്ള നാമമാറ്റം കൊണ്ടു അവർക്കു തെറ്റിനെ തെറ്റല്ലാതാക്കാൻ പറ്റുമോ? ഒരിക്കലും ഇല്ല. പാപം എപ്പോഴും പാപം തന്നെയാണ്. ഒരു റോസാ പുഷ്പത്തിന്റെ പേർ എങ്ങനെയെല്ലാം മാറ്റിയാലും അതിന്റെ വാസന പഴയതു തന്നെയായിരിക്കും.

പാപം എന്നതു ഏതെല്ലാം വിധത്തിൽ അതിനെ മാറ്റിമറിക്കാൻ ശ്രമിച്ചാലും പാപം എന്നും പാപം തന്നെയാണ്. അതിന്റെ പരിണിത ഫലവും ഒന്നുതന്നെ. അതിന്റെ കാഠിന്യം കുറക്കാൻ എത്രശ്രമിച്ചാലും കുറയുകയില്ല. പാപത്തിന്റെ ശമ്പളം മരണമത്രെ. പാപം ചെയ്യുന്നവൻ അധർമ്മം ചെയ്യുന്നു. (റോമർ 6:23; യാക്കൊബ് 1:12-15; സങ്കീർത്തനം 51:1-2). പാപം ഒരാളുടെ വ്യക്തിത്വത്തെ ഭൗതികമായും ആത്മികമായും ബാധിക്കും എന്നതുകൊണ്ടു നാം അതിനെ ഗൗരവത്തോടെ കാണണം. തന്നെയുമല്ല അതിന്റെ ദൂഷ്യമായ ഫലത്തെ ആളുകൾക്കു ബോധ്യപ്പെടുത്തി കൊടുക്കണം. നിരവധി ഫലങ്ങൾ ഉണ്ട്. അവയിൽ നിന്നു ചുരുക്കമായി മൂന്നെണ്ണം നമുക്കു തിരഞ്ഞെടുക്കാം.

1. **പാപം വിയോജിപ്പിക്കുന്നു.** പാപം നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്നു. നമുക്ക് ഉള്ളതെല്ലാം നഷ്ടപ്പെടുത്തുകയാണ് പാപത്തിന്റെ ഉദ്ദേശഫലം. ശാരീരികശേഷി, മാനസികമായ ഉന്മേഷം, ആത്മീകമായ താല്പര്യം എന്നിവയെല്ലാം ഇല്ലാതാക്കാൻ കഴിയുന്നതാണ് പാപം. ഇനി മറ്റെന്തെല്ലാം ഈ ലോകത്തു നേടാൻ കഴിഞ്ഞാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ ആ വ്യക്തിക്കു എന്തു പ്രയോജനമാണ് കിട്ടുന്നത് എന്നു യേശു ചോദിക്കുകയുണ്ടായി (മർക്കൊസ് 8:36). ജീവനെ നഷ്ടപ്പെടുത്താൻ കഴിവുള്ളവനാണ് പാപം. പാപം ആത്മീകമായ ഒരു രോഗമാണ്. കാരണം അത് അത്മാവിനെ ഇല്ലാതാക്കുന്നു. നന്മയെ നമ്മിൽ നിന്നും നീക്കം ചെയ്യുന്നതാണ് പാപം. ഏറ്റവും വലിയ വൈദ്യൻ ഈ ലോക

ത്തിൽ വന്നതു നമ്മുടെ സൗഖ്യത്തിനും നഷ്ടപ്പെടുന്ന ജീവൻ തിരിച്ചു നല്കുന്നതിനുമാണ് (ലൂക്കൊസ് 12:13-21). നമ്മിൽ പാപം കടത്തിവിട്ടു നശിപ്പിക്കുവാൻ പ്രവർത്തിക്കുന്നതു വഞ്ചകനായ സാത്താനാണ് (1 കൊരിന്ത്യർ 10:10). എല്ലാ നന്മയും നമ്മിൽ നിന്നു വേർപിരിച്ച് ഒന്നിനും കൊള്ളരുതാത്ത നിലയിലേക്കു നമ്മെ വിയോജിപ്പിച്ച് നിർത്തുവാൻ തന്ത്രം മെനഞ്ഞിരിക്കുന്നതു പിശാചാണെന്നു തിരിച്ചറിയുക.

**2. പാപം വശീകരിക്കുന്നു.** അടിമത്വത്തിലേക്കു ആകർഷിപ്പിക്കുന്ന ഒന്നാണ് നിയമ ലംഘനം. പാപം ചെയ്യുന്നവൻ ഒക്കെയും പാപത്തിന്റെ ദാസൻ ആകുന്നു എന്നെത്രെ യേശുക്രിസ്തു പറഞ്ഞത് (യോഹന്നാൻ 8:34) അപ്പൊസ്തലനായ പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു: നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കുകയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവനു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസൻമാർ അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസൻമാർ എന്നാണ് (റോമർ 6:16). പാപം ഒരിക്കൽ ഒരാളിൽ കടന്നു അവനെ നശിപ്പിക്കാൻ തുടങ്ങിയാൽ അവൻ അതിനു അടിമപ്പെടുകയാണ് ചെയ്യുന്നതു. ചെയ്ത തെറ്റിനെ മൂടി വെക്കാനായി വേറെ പറയരുതാത്തതും ചെയ്യരുതാത്തതും ചെയ്തുകൊണ്ടു പാപത്തെ വളർത്തിയെടുക്കും. അങ്ങനെയാണ് ഏതൊരാളും പാപത്തിനു കീഴ്പ്പെടുന്നത്.

കൂടാതെ നമ്മുടെ തെറ്റുകൾക്കു മറ്റുള്ളവരിൽ കുറ്റം ചാരുന്നു. അതും നമ്മുടെ ന്യൂനതകളെ മറയ്ക്കുന്നതിനും ന്യായീകരിക്കുന്നതിനുമാണ്. അപ്പോഴും നാം അറിയാതെ പാപം വർദ്ധിപ്പിക്കുകയാണ്. ഒരു വിധത്തിൽ അറിഞ്ഞുകൊണ്ടു തന്നെയാണ് നാം വീണ്ടും വീണ്ടും അങ്ങനെ ചെയ്യുന്നത്. അവനാണ് അതിനു കാരണം. അവളാണ് അതിനുത്തരവാദി എന്നെല്ലാം ആളുകൾ പറയാറില്ലേ മറ്റുള്ളവരുടെ മുൻപിൽ നാം നല്ലവരായി അറിയപ്പെടണം എന്ന ആഗ്രഹമാണ് ഇതിനെ ചെയ്യുവാൻ പ്രേരിപ്പിക്കുന്നത് മറ്റുള്ളവരെ, അവർ ഒരുപക്ഷെ നിരപരാധികളായിരിക്കും. നാം നിരപരാധികളെ നമ്മുടെ കുറ്റം ചുമത്തി രക്ഷപ്പെടാൻ ശ്രമിക്കുന്നതും ഒരു പാപമാണ് എന്ന ചിന്ത മറന്നു പോകുകയാണോ? എങ്ങനെയായാലും പാപം നമ്മെമോഹിപ്പിച്ച് കീഴ്പ്പെടുത്തി അടിമയാക്കി മാറ്റുന്നു എന്നതാണ് വാസ്തവം.

**3. പാപം വേർപിരിക്കുന്നു.** നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു (യെശയ്യാവ് 59:2). ദൈവത്തെ പിരിഞ്ഞു നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു മനുഷ്യർ. അതു കൊണ്ടാണ് യേശു ഈ ഭൂമിയിൽ വരേണ്ടിവന്നതു. പാപം അല്ലെങ്കിൽ അധർമ്മമാണ് അതിനു കാരണം. പാപം മനുഷ്യനെ അശുദ്ധനാ

ക്കുന്നു. വിശുദ്ധനായ ദൈവത്തെ അഭിമുഖീകരിക്കാൻ കഴിയാതെ വരുന്നു. ഇതാണ് പരമാർത്ഥത്തിൽ സംഭവിച്ചത്. രണ്ടുപേരെ തമ്മിൽ ഭിന്നിപ്പിക്കുന്നതാണ് പാപം. കാണാതെ പോയ ആടും നഷ്ടപ്പെട്ട ദ്രമ്മയും നമ്മെ പഠിപ്പിക്കുന്ന പാഠം അതാണ്. അതായത് ദൈവത്തെയും മനുഷ്യരെയും തമ്മിൽ ഭിന്നിപ്പിക്കുന്നതു പാപമാണ്. അതു ഗൗരവമായി ചിന്തിക്കേണ്ട പലരും അതിനെ കാര്യമായി എടുക്കുന്നില്ല.

പാപം നമ്മെ തരം താഴ്ത്തി വിയോജിപ്പിക്കുന്ന ഒന്നാണ്, ജീവിതത്തിലെ നൻമയെ എടുത്തു കളയുന്നതാണ്, അതു നമ്മെ മോഹിപ്പിച്ച് അടിമയാക്കുകയും ചെയ്യും.

# ബർശബായും ഒരു വലിയ മനുഷ്യനായിരുന്നു.

**നീൽ പൊളാർഡ്**

മികവുള്ള ഒരു മഹത് വ്യക്തിയായിരുന്നു അവൻ എന്നു തിരുവെഴുത്തു പറയുന്നുണ്ട്. അവന്റെ ആത്മികസ്വഭാവ വൈശിഷ്ട്യമായിരുന്നു അവനെ അതിനായി തിരഞ്ഞെടുക്കാൻ കാരണം(പ്രവൃത്തി 1:21). എങ്ങനെയായാലും വളരെ കുറച്ചു മാത്രം പറഞ്ഞിട്ടുള്ള ബർശബായെ സംബന്ധിച്ച് നാം ഒന്നു കണ്ണോടിച്ചാൽ അവനും ശക്തനായ ആത്മിയ വ്യക്തിയാതിരുന്നു എന്നു കാണാം.

## അവൻ ക്രിസ്തുവിൽ വിശ്വസ്തനായിരുന്നു(പ്രവൃ. 1:22)

ക്രിസ്തുവിൽ വിശ്വസ്തമായിരിക്കേണ്ടതിന്റെ ഉദ്ദേശത്തെയും കാലയളവിനെയും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (വെളിപ്പാട് 2:10). ക്രിസ്തുവിന് കീഴ്പ്പെട്ടുകൊണ്ട് സത്യവഴിയിൽ സഞ്ചരിക്കുന്നവനാണല്ലോ യഥാർത്ഥ ക്രിസ്തുശിഷ്യൻ. ക്രിസ്തുവിനു വേണ്ടി മരിക്കാൻ പോലും തയ്യാറായ വിശ്വാസമായിരുന്നു ഒന്നാം നൂറ്റാണ്ടിലെ കർത്താവിന്റെ ശിഷ്യന്മാരുടേത്. വിശ്വസ്ത എന്ന വാക്കിന്റെ അർത്ഥം തന്നെ വിധേയത്വത്തോടുകൂടിയ ആശ്രയമാണ്. ബർശബായിൽ ഇവയെല്ലാം വിശദമാക്കാം. യോഹന്നാൻ സ്നാപകന്റെ നാൾ മുതൽ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം വരെ ശിഷ്യന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടവനായിരുന്നു ബർശബാ. യേശുക്രിസ്തുവിന്റെ കഠിനമായ ഉപദേശ സമയത്തുപോലും അവൻ പിടിച്ചു നിന്നു (യോഹന്നാൻ 6:69). കാൽവരി

യിൽ പരാജയപ്പെട്ടു എന്നു തോന്നിയേക്കാമായിരുന്നിട്ടും അവൻ പിൻവാങ്ങി പോയില്ല (പ്രവൃത്തി 1:22). ദൈവത്തിന്റെ കണ്ണുകളിൽ വിശ്വസ്തതക്കു വലിയൊരു സ്ഥാനമുണ്ട്.

**ആത്മീയ നായകൻ ആയി അവൻ തിരിച്ചറിയപ്പെട്ടിരുന്നു**

( പ്രവൃത്തി 1:23)

ഈ വിഷയത്തിൽ ലേഖകൻ വ്യക്തമാക്കുന്നതു അർത്ഥവത്താകുന്നു. ആത്മിയമായ ശ്രേഷ്ഠത സൂക്ഷിക്കുന്ന ഒരു ശിഷ്യനാകകൊണ്ടത്രെ കൂട്ടത്തിൽ നിന്നു അവന്റെ പേരും നിയമിക്കപ്പെടുവാൻ തിരഞ്ഞെടുത്തത്. നേതൃസ്ഥാനത്തേക്കു വരുവാൻ സമ്മതനായിരുന്നു എന്നർത്ഥം. തീഷ്ണതയും അതേസമയം വിനയവും അനുസരണവും ഉള്ള ശിഷ്യനായിരുന്നു അവൻ (1 പത്രൊസ് 2:5-9). ക്രിസ്തു സൂചിപ്പിച്ചതുപോലെ ലോകത്തിനു വെളിച്ചവും ഉപ്പുമായിരുന്നു. ഇവ രണ്ടും എത്ര ഉപകാരപ്രദമാണെന്നു നമുക്കറിയാമല്ലൊ(മത്തായി 5:14). വാഞ്ഛ ഉള്ളവനായിരുന്നു.

കടമ ചെയ്യുന്നതിൽ നിന്നു ഒരിക്കലും പിൻവലിയുന്നവനായിരുന്നില്ല ബർശബാ എന്നു സന്ദർഭം വിവരിക്കുന്നു. അപ്പൊസ്തലനെ തിരഞ്ഞെടുക്കുവാൻ ചീട്ടിടുമ്പോൾ തന്റെ പേർ ഇടാതിരിക്കാൻ യാതൊരു ഒഴിവുകഴിവും അവൻ പറഞ്ഞില്ല. യോഗ്യതയുള്ളവരും സേവന സന്നദ്ധരും ആയ ആളുകൾ വളരെ വിരളമാണ്. ഇതാ ഞാൻ, എന്നെ അയക്കേണമേ എന്നു പറഞ്ഞ യെശയ്യാവിനെ പോലെയുള്ളവരാണ് ദൈവത്തിന് ആവശ്യം (യെശയ്യാവ് 6:8). സ്വമനസാലെ അപ്പോസ്തലന്റെ ജോലി ചെയ്യുവാൻ ഒരുക്കമുള്ളവനായിരുന്നു ബർശബാ (പ്രവൃത്തി 1:25).

✶

# എവിടെ ക്രിസ്ത്യാനികൾ ഏറ്റവും കൂടുതൽ വളരുന്നു.?

**ഗ്ലെൻ കോളെ**

എന്റെ ഓർമ്മയിൽ നില്ക്കുന്നതും ബാല്യം മുതൽ കേട്ടു വരുന്നതും ഉപദേശിച്ചു വരുന്നതുമായ പല കാര്യങ്ങൾ ഉണ്ട്. അവയിൽ സഭയുടെ പ്രവർത്തികളും ഉണ്ട്. സഭയുടെ പ്രവർത്തികളെ മൂന്നായി തരം തിരിച്ച് പഠിപ്പിച്ച് വരാറുണ്ട്. അവ സുവിശേഷ പ്രഘോഷണം, ധർമ്മം കൊടുക്കൽ അഥവാ സഹായം ചെയ്യൽ, പ്രബോധനം അഥവാ ആത്മിക വർദ്ധനവ് എന്നിവയാണ്. ഇന്നും അതിനു വിലയുണ്ടെന്നു പറയാതെ വയ്യ. സുവിശേഷ പ്രഘോഷണം എന്നതു കൊണ്ടു അർത്ഥമാക്കുന്നതു: നഷ്ടപ്പെട്ട ആത്മാക്കളെ കുറിച്ച് എരിവോടെ ആളുകളോടു സുവിശേഷം

അഥവാ രക്ഷാമാർഗ്ഗം അറിയിക്കുക എന്നതാണ്. ആവശ്യമുള്ളവരെ തക്ക സമയത്തു സഹായിക്കുന്നതാണ് ധർമ്മ പ്രവർത്തി കൊണ്ടുദ്ദേശിക്കുന്നത്. ഹൃദയത്തിൽ അലിവുതോന്നി ചെയ്യുന്ന പ്രവൃത്തിയാണത്. ഇവയെല്ലാം നമുക്കു സുപരിചിതമായിരിക്കാം. എന്നാൽ എന്താണീ ആത്മീക വർദ്ധനവ്? വാസ്തവത്തിൽ അതു ഗ്രഹിക്കാത്തവരും ചെയ്യാത്തവും ലഭിക്കാത്തവരും നിരവധിയുണ്ട് സമൂഹത്തിൽ.

ആത്മീക വർദ്ധനവ് എന്ന വാക്ക് നമുക്കു കിട്ടിയിരിക്കുന്നത് *ഓക്കോഡോമിയോ* എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്. അതിന്റെ അർത്ഥം പണിയുക എന്നാണ്. നിർമ്മാണം പലതുണ്ട്. എന്നാൽ ഇവിടെ പ്രതിപാദിച്ചിരിക്കുന്ന വാക്കിന്റെ അർത്ഥം മനസിലാക്കാൻ യേശുക്രിസ്തുവിന്റെ ഉപദേശം നമ്മെ സഹായിക്കും. യേശുക്രിസ്തുവിന്റെ വാക്കുകൾ കേൾക്കുകയും അങ്ങനെ പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യൻ ഇന്നവനോടു സദൃശ്യൻ എന്നു പറയുകയുണ്ടായി. അവൻ ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാണ്. കാരണം അവൻ ആഴെ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ടു വീടു പണിയുന്നു. അവിടെ പണിയുന്നു എന്ന വാക്കിനു ഉപയോഗിച്ച ഗ്രീക്കുവാക്കാണ് പ്രബോധനം എന്ന വാക്കിനു ഉപയോഗിച്ചിരിക്കുന്നത്. ഭൗതിക വിദ്യാഭ്യാസത്തിൽ വ്യക്തിത്വവികസനത്തിനായി ക്ലാസുകൾ നടത്താറുണ്ട്.എന്നാൽ ഒരാളെ ആത്മീയമായി പണിയേണ്ടിയിരിക്കുന്നു. ഉപയോഗ പ്രദമായ നിലനിൽപ്പിനാണ് ഏതു നിർമാണവും നടത്തുന്നത്.

# ദൈ വവചനം പ്രസംഗിക്കൽ

**എൽവുഡ് ഹോൾട്ട്**

ലോകത്തിൽ ധാരാളം തത്വശാസ്ത്രങ്ങളും ചിന്തകളും പ്രചുരപ്രചാരത്തിലിരിക്കുന്നുണ്ട്. പക്ഷേ വേണ്ടത്ര സുവിശേഷം മാത്രം എല്ലാ ദിക്കിലും എത്തിയിട്ടില്ല സഭയുടെ പ്രാഥമികമായ കടമ സുവിശേഷം അറിയിക്കൽ അല്ലെങ്കിൽ പ്രസംഗിക്കൽ ആണ്. സഭ എന്നത് പ്രസംഗിക്കുന്ന സ്ഥാപനമാണ്. അല്ലാതെ ചടങ്ങുകളുടെയോ ആഘോഷങ്ങളുടെയോ സംഘടനയല്ല. ധാരാളം ആളുകൾ ഇത് അറിയാതിരിരിക്കയോ അറിഞ്ഞവർ മറന്നുപോകുകയോ ചെയ്തിരിക്കുന്നു. ചിലർക്ക് സഭ എന്നത് ആഹാരവും വസ്ത്രവും വിതരണം ചെയ്യുന്ന ചന്തപോലെ ആയിതീരാരുണ്ട് നശിച്ചുപോകുന്ന ആഹാരത്തിനോ അല്ലെങ്കിൽ അതുപോലുള്ള കാര്യങ്ങൾക്കുവേണ്ടി മാത്രം നിലകൊള്ളുക എന്നത് തരംതാഴ്ന്ന മനോഭാവമാണ്. എന്നാൽ കർത്താവിനു തന്റെ സഭ

വിലയേറിയതാണ്. യേശുക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ക്രിസ്തു തന്റെ സഭയ്ക്കു നല്കിയിരിക്കുന്നത്. ദൈവ വചനം, ചുറ്റികപോലെയും തീ പോലെയും ആണെന്നു യിരമ്മ്യാ പ്രവാചകൻ അറിയിച്ചിരിക്കുന്നു (യിരമ്മ്യാവ് 23:29).

ദൈവത്തിന്റെ വചനം ഇരുവായ്ത്തലയുള്ള വാളിനേക്കാൾ മൂർച്ചയേറിയതാണ് (എബ്രായർ 4:12). പാറയെ ഉടയ്ക്കുവാനുള്ള ശക്തി ചുറ്റികയ്ക്കുണ്ട്. നമുക്കറിയാം തീ കത്തുന്നതാണ്. പാപത്തിന്മേൽ ദൈവവചനത്തിനുള്ള ശക്തിയെയാണ് ഈ പ്രസ്താവന വിലയിരുത്തുന്നത്. രണ്ടറ്റവും മൂർച്ചയുള്ള ഒരു വാളിനോടു സാദൃശ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഇന്ന് സമൂഹത്തിലെ ഭൂരിഭാഗം ആളുകളും വഴുവഴുപ്പുള്ള ചുറ്റികയും കത്താത്ത തീയും മൂർച്ചയില്ലാത്ത വാളും ആണ് എടുത്തിരിക്കുന്നത്. സുവിശേഷ സത്യം അങ്ങനെ തന്നെ ഉപയോഗിച്ചാൽ അതിന്റെ ശക്തി അനുഭവപ്പെടും. പക്ഷെ കൂട്ടുചേർക്കുകയോ മാറ്റുകയോ ചെയ്യുമ്പോൾ ദൈവം ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല. സുവിശേഷം വിശ്വസിക്കുന്നവർക്കു രക്ഷക്കുള്ള ദൈവ ശക്തിയാകുന്നു. പക്ഷെ അതിനെ മറിച്ചു കളഞ്ഞാൽ ഫലം നാശവും മരണവുമായിരിക്കും. വ്യക്തികളുടെ ജീവിതം പരമാർത്ഥതയോടെ നയിക്കുവാൻ സഹായകരമായ വചനമാണ് ദൈവം വെളിപ്പെടുത്തി തന്നിരിക്കുന്നത്. ആ അരുളപ്പാടുകളെ അങ്ങനെ തന്നെ നാം കൈകൊള്ളണമെന്നർത്ഥം.

സത്യം സംസാരിക്കേണ്ട സഭമേൽ അതി ഭയങ്കരമായ ഉത്തരവാദിത്വമാണ് നിക്ഷിപ്തമായിരിക്കുന്നതു. പാപത്തിന്റെ അടിമത്വത്തിൽ നിന്നും ആത്മാവിനെ മോചിപ്പിക്കുവാൻ തെറ്റുകൾക്കു ഒരിക്കലും സാദ്ധ്യമല്ല. എത്ര ആത്മാർത്ഥതയോടെ ശ്രമിച്ച് തെറ്റുചെയ്താലും അതിനാൽ ഒരാത്മാവിനേപ്പോലും രക്ഷിക്കാൻ പറ്റുകയില്ല. തെറ്റുകളെ അനുരൂപപ്പെടുത്തിയിരിക്കുന്ന ഒന്നല്ല ക്രിസ്തുവിന്റെ സത്യം. സത്യം എവിടെ നടുന്നുവോ അവിടെ തെറ്റിന്റെ വേർ പറിഞ്ഞുപോകുന്നു. ബൈബിളിനെ കുറിച്ച് ധാരാളം പ്രസംഗങ്ങൾ ഇന്നു കേൾക്കുന്നുണ്ട്. എന്നാൽ ബൈബിളിൽ നിന്നു മാത്രമായ പ്രസംഗങ്ങൾ വിരളമാണ്. മനുഷ്യജീവിതം ആത്മിയ അപ്പത്തിനായി നിലവിളിക്കുന്നുണ്ട്. ഓരോ പ്രാദേശിക ഇടവകയും അതു കേൾക്കണം. ബൈബിളിലെ വലിയ സന്ദർഭങ്ങൾ എടുത്താൽ അതിൽ നിന്നു പലതും പഠിക്കാൻപറ്റും. ദൈവത്തിന്റെ വചനം എന്ന പുതിയ നിയമം മതിയാകും . സാത്താൻ മനുഷ്യരെ ലൗകികമായതിനാൽ ആകർഷിക്കുന്നുണ്ട്. പക്ഷെ നിത്യമായവ ദൈവത്തിൽ നിന്നു മാത്രമേ ലഭിക്കുകയുള്ളു.

സകല മനുഷ്യഹൃദയങ്ങൾക്കും ഇപ്പോഴും എപ്പോഴും ആവശ്യമായ സംതൃപ്തി ദൈവവചനം മുഖാന്തരം മാത്രം ലഭിക്കുന്നതാണ്. ചിലർ വിചാരിക്കുന്നതുപോലെ വചനം നിർജീവമായ ഒന്നല്ല. അതു ജീവനു

ള്ളതും പ്രവർത്തിക്കുന്നതുമാണ്. അതു രൂപാന്തരത്തിനു മതിയായതാണ്. സകല സൽപ്രവൃത്തിക്കും വേണ്ടി ഒരുക്കിയിട്ടുള്ളതാണ്. (2 തിമൊഥെയൊസ് 3:16-17). ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും അതു നൽകുന്നു. (2 പത്രൊസ് 1:3). അതിനോടു കൂട്ടുകയോ കുറക്കുകയോ ചെയ്യരുത് (വെളിപ്പാട് 22:18-19). മാറ്റം ആവശ്യമില്ലാത്ത ഒരു പ്രമാണമാണ് അത്. ലോകത്തിന്റെ മുഴുവൻ യഥാർത്ഥ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ ഒന്നാണിത്. അതു തികവുള്ളതും സഹിഷ്ണുത തരുന്നതുമാണ്. ഇതേ വചനമാണ് അന്ത്യനാളിൽ എല്ലാവരെയും വിധിക്കുന്നത് (യോഹന്നാൻ 12:48). മാനുഷിക പ്രമാണങ്ങളെ ഞങ്ങൾ എതിർക്കുവാൻ പല കാരണങ്ങൾ ഉണ്ട്. അവ ദൈവവിശ്വാസീയമല്ല; പൂർണ്ണമല്ല; ലോകത്തിന്റെ ആവശ്യം മുഴുവൻ നിറവേറ്റുന്നില്ല; വർഷങ്ങൾ പിന്നിടുമ്പോൾ മാറ്റികൊണ്ടിരിക്കും, അവയനുസരിച്ചല്ല ദൈവം ന്യായം വിധിക്കുന്നത്. അവ ദൈവ വചനത്തെ ദുർബ്ബലമാക്കുന്നു. ദൈവ വചനത്തിനു വിരുദ്ധമായിട്ടാണു അവർ പഠിപ്പിക്കുന്നത്. മതപരമായി ആളുകളെ ഭിന്നിപ്പിച്ചു നിർത്തുന്ന ഉപകരണങ്ങളാണ് അവ. അതുകൊണ്ടു ഞങ്ങളുടെ അപേക്ഷ എന്തെന്നാൽ എല്ലാവരും ദൈവ വചനം സ്വീകരിക്കണമെന്നാണ്.

സുവിശേഷം പ്രസംഗിക്കേണ്ട സുവിഷേഷകന്മാർ ബൈബിളിലെ ഏതെങ്കിലും ഒരു ഭാഗം എടുത്തുകൊണ്ടു സംസാരിക്കുന്നതെല്ലാം മറ്റെന്തെങ്കിലും ആയാൽ ദൈവവചനത്തിനു പകരം ആളുകൾക്ക് മറ്റെന്തു നല്കിയാലും ശരിയാവുകയില്ല.

✶

# ദുരുപദേശത്തെപറ്റി ആത്മാർത്ഥത?

**മൈക്ക് ബെൻസൺ**

ഉപദേശത്തിനു അത്രമാത്രം പ്രാധാന്യമുണ്ടോ? ദൈവത്തോടുള്ള ബന്ധം നാം കാത്തു സൂക്ഷിച്ചാൽ പോരെ? വിശ്വസിക്കുന്നതിനു വലിയ പ്രാമുഖ്യം കൊടുക്കേണ്ടതായിട്ടുണ്ടോ? ഉപദേശ സംബന്ധമായി നാം ഗൗരവമായി എടുക്കണോ എന്നെല്ലാം ചിന്തിക്കുന്നവർ കാണും. ദൈവത്തിന്റ ഉപദേശത്തിനു വളരെയധികം ഊന്നൽ കൊടുക്കണോ? നമ്മുടെ ജീവിതത്തിൽ ഇതിനുള്ളപ്രസക്തി എന്താണ് ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്തുന്നതിനു നിരവധി വേദവാക്യങ്ങൾ നമ്മുടെ മനസിൽ തെളിഞ്ഞു വരുന്നുണ്ട്. വളരെ ശ്രദ്ധയോടെ താഴെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വായിച്ചു മനസിലാക്കുക. നാം ചിന്തിക്കുന്നതു പോലെയല്ല ദൈവം ചിന്തിക്കുന്നത്.

1. **ആത്മാർത്ഥത പ്രാധാന്യം അർഹിക്കുന്നതാണ്.**

നാം നമ്മുടെ ദൈനന്തിന ജീവിതത്തിൽ പല കാര്യങ്ങൾ ചെയ്യാറുണ്ട്. ആത്മാർത്ഥതക്കുള്ള പ്രാധാന്യം നാം കുറച്ചു കാണരുത്. നാം ചെയ്യുന്നതും പറയുന്നതുമായ കാര്യങ്ങൾ നമുക്കും മറ്റുള്ളവർക്കും അന്വർത്ഥമായിരിക്കണം. ആർക്കും ദോഷം ഉണ്ടാകരുത് എന്നർത്ഥം. പൌലൊസിന്റെ പ്രാർത്ഥന എന്തെന്നാൽ: നിങ്ങളുടെ സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും വർദ്ധിച്ചു വന്നിട്ടു നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകണം എന്നും ക്രിസ്തുവിന്റെ നാളിലേക്കു നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ച്ചക്കും ആയിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു. എന്നായിരുന്നു (ഫിലിപ്പിയർ 1:10). ദൈവത്തെ സ്നേഹിക്കുന്നതും അപ്രകാരം ആയിരിക്കണം. വെറും ഒരു ചടങ്ങിനു വേണ്ടിയാകരുത് നാം ദൈവത്തിനായി ചെയ്യുന്ന കാര്യങ്ങൾ; നമ്മുടെ ഉള്ളിൽ തോന്നി ചെയ്യുന്നതായിരിക്കണം. ആത്മാർത്ഥമായി ജീവിക്കുന്നവരിലും തെറ്റുന്ന സാഹചര്യം ഉണ്ട്. പാപം

ആത്മാർത്ഥതയുള്ളവരിലും ഉണ്ടാകാം എന്നർത്ഥം. തർസൊസുകാരനായ ശൗൽ അതിനു ഉദാഹരണമാണ്. നിർമ്മല മന:സാക്ഷിയോടെ ജീവിച്ച നല്ലൊരു മനുഷ്യനായിരുന്നു അവൻ (പ്രവൃത്തി 23:2). ക്രിസ്ത്യാനികളെ ഉപദ്രവിക്കേണ്ടതു തന്റെ കടമയാണെന്ന് അവൻ കരുതിയിരുന്നു (പ്രവൃത്തികൾ 26:9-11). താൻ ആത്മാർത്ഥമായി ചെയ്തിരുന്ന പലതും തെറ്റായിരുന്നു എന്നു അവൻ പിന്നീടു പഠിച്ചു (1 തിമൊഥെയോസ് 1:13-15).

വാഹനാപകടത്തിൽ മുറിവുണ്ടായതിനെതുടർന്ന് എന്റെ സ്നേഹിതനെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു എന്നു അടുത്ത സമയത്ത് എനിക്ക് ഒരാളിൽ നിന്നു ഒരു സന്ദേശം കിട്ടി. ഈ വിവരത്തെ സംശയിക്കേണ്ടതായിട്ടൊന്നുമില്ല. വിവരം പറഞ്ഞയാളെയും സംശയിക്കേണ്ട വ്യക്തിയല്ല. തൊട്ടടുത്ത ദിവസം എനിക്കറിയാൻ കഴിഞ്ഞതു, എന്റെ സ്നേഹിതൻ ആസ്പത്രിയിലായിരുന്നു എന്നും എന്നാൽ അതു അപകടം നിമിത്തം ആയിരുന്നില്ല; ഒരു രോഗം നിമിത്തമായിരുന്നു എന്നും അറിയാൻ കഴിഞ്ഞു. അനേകം മണിക്കൂറോളം ആത്മാർത്ഥതയോടെ എന്റെ സ്നേഹിതനു അപകടം നേരിട്ടു എന്നു തന്നെ ഞാൻ വിശ്വസിച്ചിരുന്നു. പക്ഷെ എനിക്കു തെറ്റുപറ്റിയിരുന്നു.എന്റെ സ്നേഹിതനെ കുറിച്ചു മറ്റൊരാൾക്കു കിട്ടിയ തെറ്റായ അറിവ് ആണ് എന്നെ തെറ്റിദ്ധരിപ്പിച്ചത്. ആത്മാർത്ഥത സൂക്ഷിച്ചില്ലെങ്കിൽ കുഴപ്പമാണ്. ഭേദാഭേദങ്ങളെ വിവേചിപ്പാൻ കഴിഞ്ഞില്ലെങ്കിൽ നാം എന്തും വിശ്വസിച്ചു പോകും. ആത്മാർത്ഥതയുടെ ആവശ്യകതയും അതിന്റെ ഫലങ്ങളും വലുതാണ്. ആത്മാർത്ഥത നമ്മുടെ രക്ഷയ്ക്കു ആവശ്യമാണ്. ആത്മാർത്ഥത പോരാതാനും. ദൈവത്തോടും അവന്റെ വചനത്തോടും ആത്മാർത്ഥത

പുലർത്താതെ ആർക്കും രക്ഷ പ്രാപ്യമല്ല. ദൈവ വചനത്തെ മാറ്റി നിർത്തി ഒരാൾക്ക് ആത്മാർത്ഥമായി ജീവിക്കാമെന്നു കരുതിയാൽ അയാൾ തെറ്റിപോയി.

സത്യത്തെ സ്നേഹിക്കുന്നവർ ദൈവത്തെ സ്നേഹിക്കും. സത്യത്തെ വില്ക്കാത്തവരാണ് ആത്മാർത്ഥതയുള്ളവൻ. അതായത് ഈ ലോകത്തുള്ള യാതൊന്നും സത്യത്തിനു പകരമായിട്ടുള്ളതല്ല. യേശു ക്രിസ്തു നമുക്കു കാണിച്ചു തന്ന മാതൃക അതാണ്. നിഷ്കളങ്കരും നിർമ്മലരുമായി ജീവിക്കുവാനാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ചിലർ ദൈവ വചനത്തോടു നീതി പുലർത്താതെ അവരുടെ സമുദായത്തിന്റെ ആചാരങ്ങളോടു നീതി പുലർത്തിക്കൊണ്ടിരുന്നാൽ അയാൾ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പകരം സമുദായത്തെ പ്രീതിപ്പെടുത്തുകയാണ്. നാം ദൈവത്തെയാണ് കാണേണ്ടത്. നമ്മെ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമെ കഴിയുകയുള്ളു. ദൈവ വചനം ഏതൊരു വ്യക്തിയെയും പ്രകാശിപ്പിക്കുവാനുള്ളതാണ്. മനാഭാവം അനുസരിച്ചായിരിക്കും ഫലവും. ആകയാൽ പ്രിയരെ നിങ്ങൾ ശുദ്ധ മന:സാക്ഷിയോടെ ദൈവത്തോടു അടുക്കുക.

## 2. ആത്മാർത്ഥതയുടെ പ്രാധാന്യം

ബൈബിളിൽ ഉപദേശത്തെ കുറിച്ചു മുന്നറിയിച്ചിരിക്കുന്നതും തുടർന്നു പറഞ്ഞിരിക്കുന്നതുമായ കാര്യങ്ങൾ ഉന്നത മൂല്യങ്ങൾ ഉള്ളവയാണ്. ഏതൊരു കാര്യത്തിനും സദുപദേശം വളരെ പ്രയോജനം ചെയ്യുമെന്നു സാമാന്യ ബുദ്ധിയുള്ള ആർക്കും അറിയാം. ഉപദേശത്തെ സൂക്ഷിക്കണമെന്നു നമ്മോടു കല്പിച്ചിരിക്കുന്നു. തെറ്റായ ഉപദേശം കേട്ടു പ്രവർത്തിച്ചാൽ അതിൽ നിന്നു ദോഷമുണ്ടാകും (1 തിമൊഥെയോസ് 4:13). ഉപദേശത്തെ ശ്രദ്ധിക്കണം എന്നും നമ്മെ മുന്നറിയിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാർക്കു യേശുവിൽ നിന്നു ലഭിച്ചതായ ഉപദേശം അവർ ശ്രദ്ധയോടെ സൂക്ഷിച്ചു. അതിനു കോട്ടം തട്ടാതെ അവർ കാത്തു. അവരിൽ നിന്നു നമുക്കു കിട്ടിയതായ ഉപദേശമാണ് പുതിയ നിയമത്തിൽ ഉള്ളത്. നമ്മുടെ ഈ കാലയളവിൽ നമ്മുടെ ദൗത്യമാണ് അതു സൂക്ഷിക്കുക എന്നത് . ഉപദേശത്തിൽ അദ്ധ്വാനിക്കുന്നവരായിരിക്കണം മൂപ്പന്മാർ (1 തിമൊഥെയൊസ് 5:17). ബൈബിളിലെ വാക്യങ്ങൾ എല്ലാം മനുഷ്യർക്കു വേണ്ടിയാണ് എഴുതിയിരിക്കുന്നത്. ഉപദേശത്തിനുവേണ്ടി തന്നിരിക്കുന്നതുമാണ്. പക്ഷെ ആളുകൾ വചനത്തിന്റെ ശരിയായ ഉപയോഗം കണ്ടെത്തിയില്ലെന്നാണ് മനസിലാക്കുന്നത്. പിശാച് മനുഷ്യരെ തെറ്റിദ്ധരിപ്പിച്ചിരിക്കയുമാണ്.

**3. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഉപദേശ കൃത്യതയിൽ നാം ആത്മാർത്ഥരാകണം.**

യേശുക്രിസ്തുവിന്റെ ശിഷ്യനായിരുന്ന യോഹന്നാൻ എഴുതിയിരിക്കുന്നതു: ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽകൈകൊള്ളരുത്. അവനു കുശലം പറകയുമരുത്. അവനു കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തിക്കു കൂട്ടാളിയല്ലൊ (2 യോഹന്നാൻ 9-11).

# കുരിശ്

## Evg.ബാബു ജോസഫ്

റോമാ സാമ്രാജ്യത്തിൽ മരണശിക്ഷയ്ക്കു വിധിക്കുന്ന കുറ്റവാളിയെ കൊല്ലുവാൻ ഉള്ള ഉപകരണമാണ് കുരിശ്. (ഇൻഡ്യയിൽ തൂക്കികൊല്ലുന്നതിനു കയർ ഉപയോഗിച്ചതുപോലെ) യേശുവിനെ കുരിശിൽ തറച്ചു എന്നുള്ളത് സത്യം തന്നെ. എന്നാൽ യേശുവിനു പ്രത്യേകമായി ഒരു കുരിശ് ഉണ്ടാക്കിയിട്ടുണ്ടോ?

ക്രിസ്തീയ സഭാ വിഭാഗങ്ങളിൽ ചിലർ പ്രാർത്ഥിക്കുമ്പോഴും മറ്റും കുരിശ് വരയ്ക്കുന്നത് കാണുമ്പോൾ കുരിശിനെ ഒരു ആരാധ്യ വസ്തുവാക്കിയിരിക്കുന്നു എന്നു കാണാം. കുരിശു വരയ്ക്കുക, കവലകൾ തോറും സ്ഥാപിക്കുക. ചുമന്നുകൊണ്ട് നടന്നു പ്രദക്ഷിണം ചെയ്യുക, തിരികത്തിക്കുക മുത്തുക, വസ്ത്രം ധരിപ്പിക്കുക പുരോഹിതന്മാർ കുരിശ് തൊടുവിച്ച് അനുഗ്രഹിക്കുക എന്നിവയെല്ലാം കുരിശിനെ ആരാധിക്കുന്നു അഥവാ ആരാധ്യവസ്തുവാക്കി എന്നതിന്റെ തെളിവുകളാണ്.

ഇന്നു കാണുന്ന കുരിശ് ആരുടേതാണ്? യേശുവിന്റേയോ, അതോ തന്നോടുകൂടെ ക്രൂശിച്ചിരുന്ന കള്ളന്മാരുടെയോ? ഏതൊരു പ്രതിമയും, രൂപവും വിഗ്രഹമാണ്. വിഗ്രഹാരാധന പാപമാണ്. കുരിശിനു പ്രാധാന്യം കൈവന്നത് യേശുവിന്റെ ക്രൂശുമരണത്തോടെയാണെന്നുള്ളത് വാസ്തവം തന്നെ. അതുകൊണ്ട് ക്രൈസ്തവരുടെ ഒരു ചിഹ്നമായോ, അടയാളമായോ കുരിശിനെ കാണുന്നതിൽ തെറ്റില്ല. എന്നാൽ കുരിശ് ഒരിക്കലും ആരാധ്യ വസ്തുവല്ല. ബൈബിൾ സെമിനാരികളിൽ അങ്ങനെ പഠിപ്പിക്കുന്നു എങ്കിൽ അവർ വചനത്തിൽ മായം ചേർത്ത് കുരിശിനെ ഒരു വിൽപന ചരക്കാക്കുകയാണ്. കുരിശ് വരയ്ക്കുന്നതുകൊണ്ടോ; എണ്ണ പുരട്ടിയതുകൊണ്ടോ ഒരു പാപിക്കു പാപബോധമോ, പാപമോചനമോ ലഭിക്കുകയില്ല.

## ബൈബിൾ പറയുന്നു.

"അത് ഒരുവൻ കാട്ടിൽ നിന്നു വെട്ടിക്കൊണ്ടുവന്ന മരവും ആശാരി വാച്ചികൊണ്ടു ചെയ്ത പണിയും അത്രേ. അവർ അതിനെ വെള്ളിയും പൊന്നും കൊണ്ട് അലങ്കരിക്കുന്നു. അത് ഇളകാതെ ഇരിക്കേണ്ടതിനു അവർ അതിനെ ആണിയും ചുറ്റികയും കൊണ്ട് ഉറപ്പിക്കുന്നു. അവ വെള്ളരിതോട്ടത്തിലെ തൂണുപോലെയാകുന്നു. അവയെ ചുമന്നു കൊണ്ടുപോകണം"

"കണ്ടില്ലേ അവർ ചുള്ളി മൂക്കിനു തൊടുവിക്കുന്നത് ......ആകയാൽ ഞാനും ക്രോധത്തോടെ പ്രവർത്തിക്കും"

(യിരെ 10:3-5,യെഹ 8:17,18).

കളിമൺ പ്രതിമകളിൽ ദൈവ ശക്തിയില്ല. കൽകുമ്പാരങ്ങളിൽ തീർക്കുന്ന രൂപങ്ങൾ ക്രിസ്തുവിന്റേതുമല്ല. കടലാസ് വിളക്കിൽ ക്രിസ്തു ജനിക്കുന്നില്ല; കോൺക്രീറ്റ് കുരിശിൽ ക്രിസ്തു മരിക്കുന്നുമില്ല. യേശുജനിക്കേണ്ടതും ക്രൂശുമരണം അനുഭവമാക്കേണ്ടതും മനുഷ്യന്റെ ഹൃദയങ്ങളിലാണ്. യേശുവിന്റെ കുരിശിലല്ല; ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ വിശ്വസിക്കുക. അവനെ അനുസരിക്കുക.

✶

# സത്യത്തിനുവേണ്ടി നിലകൊള്ളുക

**ജിമ്മി ജിവിടെൻ**

സത്യം പറയണമെന്നും സത്യത്തിനു വിലയുണ്ടെന്നും നാം പലപ്പോഴും പറഞ്ഞുകേൾക്കാറുണ്ട്. കാരണം ആളുകൾ സത്യത്തെ ഇഷ്ടപ്പെടുന്നു എന്നാണ് ഇതിന്റെ സൂചന. എന്നാൽ എപ്പോഴും സത്യത്തിൽ നിലനിൽക്കുവാനും സത്യത്തിനുവേണ്ടി പോരാടാനും പലർക്കും കഴിയാറില്ല എന്നതാണ് വാസ്തവം. പണ്ടത്തെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും അതുപോലെ തന്നെയാണ്. യിസ്രയേൽ ജനതയെ മോശെ കനാൻ ദേശത്തേക്കു കൊണ്ടുപൊകുമ്പോൾ അവിടെ പ്രവേശിക്കുന്നതിനു മുൻപ് ഒരു പ്രബോധനം നല്കിയിരുന്നു. "നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കല്പിച്ചതുപോലെ ചെയ്‌വാൻ ജാഗ്രതയുള്ളവരായിരിപ്പിൻ; ഇടത്തോട്ടെങ്കിലും വലത്തോട്ടെങ്കിലും മാറരുത്"(ആവർത്തനപുസ്തകം 5:32)

ദൈവം തിരഞ്ഞെടുത്ത ജനമായിരുന്നല്ലൊ യെഹൂദന്മാർ. അവർക്കു ദൈവത്താൽ നല്കപ്പെട്ട ഒരു സത്യത്തിന്റെ ഘടന ഉണ്ടായിരുന്നു. അവർ മറ്റൊരു ദേശത്തേക്കുപോകുവാനിരിക്കുന്നതുകൊണ്ടു അവിടത്തുകാ

രുടെ സംസ്ക്കാരവും ആചാരവും ഇവരിൽ കടന്നുവരാനിടയുണ്ടായിരുന്നതുകൊണ്ടാണ് അത്തരം ഒരു നിർദ്ദേശം കൊടുത്തത്. അവർ സത്യത്തിൽ നിന്നു വ്യതിചലിക്കരുത് എന്നു ദൈവം ആഗ്രഹിച്ചിരുന്നു. ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നേടത്തോളം അവർക്കു കുഴപ്പമൊന്നുമില്ല. എന്നാൽ സത്യത്തിനു വീട്ടുവീഴ്ച ചെയ്തു ദൈവ കല്പനയെ നിരസിച്ചാൽ അനുഗ്രഹങ്ങൾ വഴി മാറി പോകും എന്നതായിരുന്നു കാരണം.

വിശ്വാസ ത്യാഗം അഥവാ വിശ്വാസത്തിൽ നിന്നുള്ള അകൽച്ചയാണ് സത്യത്തിനു വീട്ടുവീഴ്ച ചെയ്യുമ്പോൾ സംഭവിക്കുന്നതു. ആ സമയത്തേക്കു അവരുടെ വിശ്വാസം മാറ്റി നിർത്തുന്നു. എന്തിനു വേണ്ടിയാണ്? തെറ്റു ചെയ്യുവാനായിട്ടാണ് അവർ അങ്ങനെ ചെയ്യുന്നത്.

✶

## പത്ഥ്യോപദേശാന്തരീക്ഷത്തിൽ ക്രിസ്ത്യാനികൾക്കു നന്നായി വളരുവാൻ കഴിയുന്നു.

ചില വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിലും ഉപദേശത്തെ കുറിച്ചു കരുതാത്ത സഭകളാണ് വളരുന്നതെന്ന തെറ്റായ ഒരു വിശ്വാസം പ്രചരിച്ചു വന്നിട്ടുണ്ട്. അതു ഖേദകരമാണ്. അതു വാസ്തവമല്ല എന്നതാണ് ശരി. സാമൂഹ്യതയിലോ എണ്ണപ്പെരുപ്പത്തിലോ അല്ല ശരിയായ വളർച്ച. അതിനേക്കാൾ മുഖ്യമായ മറ്റു കാര്യങ്ങളിലാണ് വളരേണ്ടത്. കർത്താവിലുള്ള വിശ്വാസത്തെയും ശരിയായ ജീവിതത്തെയും കുറിച്ചു അന്യോന്യം സംസാരിക്കയും എഴുതുകയും പ്രോത്സാഹിപ്പിക്കയും ചെയ്യണം. അന്യഥാ ഉപദേശിക്കരുതെന്നും വിശ്വാസം എന്ന ദൈവ വ്യവസ്ഥക്കല്ല തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരുതെന്നും ചിലരോടു ആജ്ഞാപിക്കേണ്ടതിനു നീ എഫെസൊസിൽ താമസിക്കേണം. മക്കെദൊന്യക്കു പോകുമ്പോൾ അപേക്ഷിച്ചതുപോലെ ഇപ്പോഴും ചെയ്യുന്നു. (1 തിമൊഥെയോസ് 1: 3-4)

## നിസ്വാർത്ഥമായ അന്തരീക്ഷത്തിൽ ക്രിസ്ത്യാനികൾ നന്നായി വളരുന്നു

ഒന്നു കൊരിന്ത്യർ പതിനാലാം അദ്ധ്യായം പ്രാഥമികമായി അറിയപ്പെടുന്നതു അന്യഭാഷയിൽ അത്ഭുതകരമായി സംസാരിക്കുന്നതിനെ പറ്റിയുള്ള കർത്താവിന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്ന അദ്ധ്യായമായിട്ടാണ്. പ്രാരംഭ സഭയിൽ അത്ഭുത പരിശീലനം നിലവിലുണ്ടായിരുന്ന കാലമായിരുന്നു അത്. എന്നാൽ ആ അദ്ധ്യായം ഒന്നുകൂടെ ശ്രദ്ധിക്കുക. ഈ അദ്ധ്യായം ആത്മിക വർദ്ധനവിനെ കുറിച്ചു പ്രതിപാദിക്കുന്നു

എന്ന ശക്തമായ വാദഗതി അവിടെ തെളിയുന്നുണ്ട്. ആത്മിക വർദ്ധന എന്നതോ അല്ലെങ്കിൽ ആ വാക്കിന്റെ അനുമാന വാക്കുകളോ ആറു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (വാക്യങ്ങൾ 3,4,5,12,17,26). ഉപദേശിക്കുന്നതും പ്രവചിക്കുന്നതും അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്നു പൌലൊസ് അവിടെ പറയുന്നുണ്ട്. കാരണം ഉപദേശവും പ്രവചനവും ആത്മിക വർദ്ധനവു വരുത്തുന്നു. എന്നാൽ അന്യഭാഷ അതു വരുത്തുന്നില്ല. അതുകൊണ്ടു സഭയിൽ അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ ബുദ്ധികൊണ്ടു അഞ്ചുവാക്കു പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു എന്നാണ് പൌലോസ് പറഞ്ഞതു( വാക്യം 19).

വിഗ്രഹങ്ങൾക്കു മുൻപിൽ കൊണ്ടുവച്ചു പൂജിച്ച ആഹാരപദാർത്ഥങ്ങൾ ഭക്ഷിക്കുന്നതിനെ സംബന്ധിച്ചു പറയുന്നതു: സകലത്തിനും കർത്തവ്യം ഉണ്ട്; എങ്കിലും സകലവും പ്രയോജനമുള്ളതല്ല. സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട്; എങ്കിലും സകലവും ആത്മിക വർദ്ധന വരുത്തുന്നില്ല (1 കൊരിന്ത്യർ 10:23). സ്വന്തം കാര്യങ്ങളിൽ മാത്രം തല്പരരായിരിക്കുന്നവർ, എനിക്കു, എന്നെ എന്നോടു, എന്റെ എന്ന അഭിപ്രായക്കാർ ചിന്തിക്കേണ്ടതു സഹോദരങ്ങളുടെ സഹോദരിമാരുടെ ആത്മിക വർദ്ധനവിനെക്കുറിച്ചാണ്. നിസ്വാർത്ഥത എല്ലാ ക്രിസ്ത്യാനികളിലും ഉണ്ടാകണം ഓരോരുത്തരുടെയും കഴിവുകൾ ദൈവരാജ്യമാകുന്ന സഭയുടെ ആത്മിക വളർച്ചക്കു ഹേതുവായി തീരണം. ഇതാണ് ദൈവേഷ്ടം.

ദൈവവചനം ക്രിസ്ത്യാനികളുടെ ആത്മികവർദ്ധനവിനായും ജീവിത ക്രമീകരണത്തിനായും തന്നിരിക്കുന്നതാണ്. വ്യക്തികളുടേയും സഭയുടെ മൊത്തത്തിലുമുള്ള വളർച്ച തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിലായിരിക്കണം. ഒരു ശിശു ജനിക്കുമ്പോൾ മുതൽ അതിന് ആഹാരം ആവശ്യമാണ്. ആദ്യം കുഞ്ഞിന് പോഷകഗുണമുള്ള മുലപ്പാൽ ആവശ്യമായി വരുന്നു. അതുപോലെ ആത്മിയമായി ജനിച്ച ഒരാൾ പ്രാരംഭത്തിൽ മായമില്ലാത്ത വചനം ലളിതമായി പഠിച്ച് വളരുവാൻ ശ്രമിക്കണം. അതിനുമുൻപ് ഉപേക്ഷിക്കുവാൻ വചനത്തിൽ പറഞ്ഞ കാര്യങ്ങൾ നാം വിട്ടുകളയണം. അടുത്തതായി ക്രിസ്തുവിനെ കുറിച്ചുള്ള അറിവ് നാം സ്വായത്തമാക്കണം. അതായത് ക്രിസ്തുവിന്റെ പരിജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്നത് നാം വായിച്ച് മനസിലാക്കണം. പഴയനിയമകാലത്തും പുതിയനിയമകാലത്തും ദൈവിക പരിജ്ഞാനമില്ലാതെ ആളുകൾ നശിച്ചു പോകുവാനിട വരും. ദൈവകൃപയിലും നാം വളരണം. ദൈവത്തിൽനിന്ന് നമുക്ക് അനർഹമായി ലഭിക്കുന്ന ഉപകാരമാണ് കൃപ. നമ്മുടെ ആത്മിയ നിലനിൽപ് തന്നെ ദൈവകൃപയാലാണ്. ദൈവം നമ്മെ കാത്തുകൊള്ളുന്നത് ആ കൃപയാലാണ്.

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!